# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 6 പേജുകൾ 33 ഒക്ടോബർ 2023



- ഇല്ലാതാകുന്ന തൂണ്
- കാർട്ടൂൺ കേരളം
- കവിതാപ്പതിപ്പ്
- പുസ്തക ലോകം

## തടവറയിലേക്ക് നൊബേൽ

*മുഖചിത്രം: നർഗീസ് മൊഹമ്മദി*




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം തടവറയിലെ ധീരവനിതയെ തേടിച്ചെന്ന വാർത്ത, ഈയിടെയാണ് പുറത്തുവന്നത്. ഇറാൻ ഭരണകൂടം തടവിലാക്കിയ മനുഷ്യാവകാശ പ്രവർത്തക നർഗീസ് മൊഹമ്മദിയാണ് പുരസ്കാരത്തിന് അർഹയായത്. ഇറാനിലെ വനിതകളെ അടിച്ചമർത്തുന്നതിനെതിരെയും മനുഷ്യാവകാശവും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനും അവർ നടത്തിയ പോരാട്ടം ഏറെ ഗണനീയമാണെന്ന് പുരസ്കാരസമിതി വിലയിരുത്തി. നർഗീസ് മൊഹമ്മദിയാണ് ഈ ലക്കം മാസികയിൽ മുഖച്ചിത്രമാകുന്നത്.

കഥകളില്ലാതെ ആദ്യമായാണ് മാസിക പുറത്തിറങ്ങുന്നത്. കവിതാപ്പതിപ്പ് എന്ന വിശേഷണത്തോടെ. കഥാപ്പതിപ്പ് പുറകെ വരും. കാർട്ടൂൺ കേരളവും പുസ്തകലോകവും ഉൾപ്പെടുത്തിയിട്ടുണ്ട്.

'സമകാലികം' പംക്തിയിൽ, ഇല്ലാതാകുന്ന നാലാം തൂണിനെക്കുറിച്ച്, മുതിർന്ന പത്രപ്രവർത്തകനും കോളമിസ്റ്റുമായ ഫ്രാങ്കോ ലൂയിസ് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ജനാധിപത്യസംവിധാനത്തിലെ തിരുത്തൽ ശക്തിയുടെ തിരോധാനം സംഭവിക്കുകയാണെങ്കിൽ, അതെത്ര മാത്രം നാശകരമാകുമെന്ന മുന്നറിയിപ്പും പംക്തിയിൽ അദ്ദേഹം അക്കമിട്ടു പറയുന്നു.

ഉൾക്കൊള്ളാവുന്നതിൽ കൂടുതൽ രചനകൾ മാസികയിലേക്ക് അയച്ചുകിട്ടുന്നുണ്ട്. അവയിൽനിന്നും വ്യത്യസ്തമായ രചനകൾ ചേർക്കുവാൻ ശ്രമിക്കാറുമുണ്ട്. പുതിയ എഴുത്തുകാർക്ക് ആത്മവിശ്വാസം പകരുംവിധം ചില രചനകൾ, വിശദപരിശോധനയില്ലാതെ കൊടുക്കുന്നതും പതിവ്. മാസികയുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ സാക്ഷാത്കാരം അങ്ങനെയും കൈവരിക്കാൻ ശ്രമിക്കുന്നു. പുതിയ ലക്കത്തിന്റെ വായനാവിരുന്നിൽ പങ്കുചേരുവാൻ മാസികയുടെ പ്രിയമിത്രങ്ങൾക്ക് സ്വാഗതം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






എം.ആർ. ബാലചന്ദ്രൻ

## അകത്താളുകളിൽ


### ലേഖനം/പംക്തി

കെ.സന്തോഷ് ........................ പേജ് 4
ഫ്രാങ്കോ ലൂയിസ്........................ പേജ് 6
കെ.എം.ശിവരാമൻ ........................ പേജ് 11
ദർശന ........................ പേജ് 14
രമേഷ് പെരുമ്പിലാവ് ........................ പേജ് 18
കെ.സന്തോഷ് ........................ പേജ് 21

### കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........................ പേജ് 3

### കവിത

ശ്രീജ വിജയൻ ........................ പേജ് 23
സബിത രാജ് ........................ പേജ് 24
രാജൻ സി.എച്ച്. ........................ പേജ് 26
എം.കപിൽദേവ് ........................ പേജ് 27
ജസ്ന ഖാനൂൻ ........................ പേജ് 28
കെ.എൻ.സുരേഷ്കുമാർ ........................ പേജ് 29
പി.ശ്രീകുമാർ ........................ പേജ് 30
ടി.പി.രാധാകൃഷ്ണൻ ........................ പേജ് 31
നിബിൻ കള്ളിക്കാട് ........................ പേജ് 32

# തടവറകൾ തകർത്ത സ്വാതന്ത്ര്യദാഹം!..

**2023 ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹയായ ഇറാനിയൻ മനുഷ്യാവകാശ പ്രവർത്തക നർഗീസ് മുഹമ്മദിയുടെ ജീവിതത്തിലൂടെ....**





കെ. സന്തോഷ്

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് പറഞ്ഞത് മറ്റാരുമല്ല,സാക്ഷാൽ കാറൽ മാർക്സ് തന്നെ.പക്ഷെ ഇന്ന് മാർക്സ് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ മതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രയോഗം ഇത്തരത്തിലായിരിക്കില്ല. കുറച്ചുകൂടി മൂർച്ചയുണ്ടാവും ആ വാക്കുകൾക്ക്.കാരണം അത്രയേറെ മനുഷ്യസമൂഹത്തിൽ മതം ഇടപെട്ടു കൊണ്ടിരിക്കുന്നു. മതം മനുഷ്യന് ആവശ്യമുണ്ടോ? ഒരു സമൂഹത്തിന് മതമില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ലെ? നൂറ്റാണ്ടുകൾക്ക് മുൻപ് കെട്ടിപ്പടുത്ത മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളും, ചിഹ്നങ്ങളും ആധുനിക മനുഷ്യൻ ഇന്നും നിർബന്ധമായും പേറേണ്ടതുണ്ടോ?

തുടങ്ങിയ ചോദ്യങ്ങൾ ഇന്ന് ചുവരുകൾ ഭേദിച്ച് ഉയർന്നു കഴിഞ്ഞു.

ദൈവത്തിന്റെ അസ്ഥിത്വംപോലും ചോദ്യം ചെയ്യപ്പെടുന്ന ഇക്കാലത്ത്, ഒരു വൈരുദ്ധ്യം പോലെ മതം തൊട്ടാൽ പൊള്ളുന്ന വിഷയമായി നിൽക്കുന്നു!

മതം ഒരു വിശുദ്ധ മൃഗമാണോ?

വിമർശനാതീതമാണോ?

പുരയ്ക്ക് മേലെ ചാഞ്ഞ ഈ വൻമരത്തെ പിടിച്ചു നിർത്തുവാൻ അധികാരപ്പെട്ടവർ അത് ചെയ്യുന്നില്ല എന്നുമാത്രമല്ല,അതിന് തടമൊരുക്കാനും വളമിടാനുമാണ് അവർക്ക് താല്പര്യവും, ഇത് അത്യന്തം അപകടകരമാണ്.

പുരോഗമനവാദികളും എഴുത്തുകാരും ഇത്തരം മതാന്ധതയെ ചോദ്യം ചെയ്യാൻ ശ്രമിക്കുമ്പോൾ അവർ ആക്രമിക്കപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്യുന്നത് ഇന്ന് അത്രയൊന്നും പുതുമയല്ലാത്ത സംഭവമായി മാറിയിരിക്കുന്നു.

ലോകത്തെല്ലാം ഇതുതന്നെയാണ് അവസ്ഥ.

എഴുത്തുകാരൻ സൽമാൻ റുഷ്ദിക്ക് നേരെ ഉണ്ടായ അക്രമത്തിൽ നിന്ന് അദ്ദേഹം ഇനിയും പൂർണമായി മോചിതനായിട്ടില്ല എന്നോർക്കുക.

ഇത്തരം ഭയം നിറഞ്ഞ ഒരു ചരിത്ര സന്ധിയിലാണ് ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാര അറിയിപ്പ് പുറത്തുവരുന്നത്.

പുരസ്ക്കാരം ലഭിച്ചതാകട്ടെ നർഗീസ്

മുഹമ്മദിക്കും!

**ആരാണ് നർഗീസ് മുഹമ്മദി?**

1972ൽ ഇറാനിലെ സഞ്ജാനിൽ ഒരു മധ്യവർഗ്ഗ മുസ്ലിം കുടുംബത്തിൽ ജനിച്ച പെൺകുട്ടി.

രാഷ്ട്രീയം ആ കുടുംബത്തിന് അന്യമായിരുന്നില്ല. എങ്കിലും അവളുടെ അമ്മ കുട്ടിയായ നർഗീസിനോട് പറഞ്ഞിരുന്നു,നീ രാഷ്ട്രീയത്തിൽ ഒരിക്കലും ഇടപെടരുതെന്ന്.( മതഭരണകൂടത്തിന്റെ അപ്രീതി സമ്പാദിച്ചാൽ ഉണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ച് അവർക്ക് ആരും പറഞ്ഞുകൊടുക്കേണ്ടതില്ലല്ലോ )

എന്നാൽ വർഷങ്ങൾക്കുശേഷം ഉന്നത വിദ്യാഭ്യാസത്തിന് സർവ്വകലാശാലയിൽ പ്രവേശിച്ചതോടെ രാഷ്ട്രീയത്തിൽ അവൾക്കും ഇടപെടേണ്ടി വന്നു.

പത്രമാസികളിലും മറ്റും,മത ഭരണകൂടം നടത്തുന്ന ജനാധിപത്യ ഇല്ലായ്മയെക്കുറിച്ച് , കഠിനവും പ്രാകൃതവുമായ ഇറാൻ വധശിക്ഷ സമ്പ്രദായത്തെക്കുറിച്ച് അവർ നിരന്തരം എഴുതി.ഇത് ഭരണകൂടവും നർഗീസും തമ്മിലുള്ള ഉരസ്സലിന് വഴി വച്ചു.ഇക്കാലഘട്ടത്തിലാണ് ഇറാനിലെ സമാന ചിന്താഗതി കാരുടെ സംഘടനകളുമായി നർഗീസ് കൂടുതൽ അടുക്കുന്നതും,പ്രവർത്തിക്കുന്നതും.

2022സെപ്റ്റംബറിണ് ഇറാൻ ഭരണകൂടത്തെ പിടിച്ചു കുലുക്കിയ പ്രതിഷേധ പരമ്പരകൾ രാജ്യത്ത് അരങ്ങേറുന്നത്.അതിന് കാരണമായതാകട്ടെ മഹ്സ അമനിയെന്ന 22 കാരിയുടെ ദുരൂഹ മരണവും.

ഡ്രസ്സ് കോഡ് പാലിച്ചില്ല എന്ന കാരണത്താൽ ഇറാനിലെ മത പോലീസ് അറസ്റ്റ് ചെയ്ത പെൺകുട്ടി പിന്നീട് തടവറയിൽ വച്ച് മരണപ്പെട്ടു എന്ന വാർത്തയാണ് പുറം ലോകം അറിയുന്നത്. ഇത് വ്യപകമായ സമരങ്ങൾക്ക് കാരണമായി.നൂറ് കണക്കിന് സ്ത്രീകൾ തെരുവിലിറങ്ങി മതഭരണകൂടത്തിന് മുമ്പിൽ തങ്ങളുടെ മുടി മുറിച്ച് പ്രതിഷേധം അറിയിച്ചു.

നേരത്തെ തന്നെ അധികാരികളുടെ നോട്ടപ്പുള്ളിയായ

നർഗീസ് മുഹമ്മദിയുടെ ജീവിതം കൂടുതൽ പരുങ്ങലിലായി.

എങ്കിലും ഓടിയൊളിക്കാനോ,മൗനിയാകാനോ അവർ തയ്യാറായില്ല.സമരങ്ങളുടെ മുൻപന്തിയിൽ തന്നെ അവർ ഉണ്ടായിരുന്നു.വീണ്ടും നർഗീസ് തടവറയ്ക്കുള്ളിലായി.

ഇരുപത്തിയാറാം വയസ്സിലാണ് നർഗീസ് ആദ്യമായി ജയിലിൽ അടയ്ക്കപ്പെടുന്നത്.തുടർന്ന് കേസുകളുടെയും ജയിലറകളുടെയും ഒരു നീണ്ട അധ്യായം തുടങ്ങുന്നു.

31 വർഷമാണ് മത കോടതി അവൾക്ക് ശിക്ഷ വിധിച്ചത്. നിലവിൽ 150തിലേറെ കേസുകൾ നർഗീസന്റെ പേരിലുണ്ട്.

അത്ര തന്നെ ചാട്ടവാറടികളും അവർക്ക് ഏല്ക്കേണ്ടി വരുന്നു. ഇന്ന് രണ്ടു മുതിർന്ന കുട്ടികളുടെ അമ്മയും രോഗിയുമാണവർ.ഇടയ്ക്ക് ജയിൽ മോചിതയായെങ്കിലും തലവറയിലെ സ്ത്രീ രാഷ്ട്രീയ പ്രവർത്തകർ അനുഭവിക്കേണ്ടിവരുന്ന സമാനതകളില്ലാത്ത ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് മറയില്ലാതെ വിളിച്ചുപറഞ്ഞതിന്റെ പേരിൽ


നർഗീസ് വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയുണ്ടിയി.ഇത് നർഗീസിന്റെ ജീവിതം കൂടുതൽ ദുസ്സഹമാക്കി. ഭരണകൂടത്തിന്റെ ശിക്ഷകൾ അവളിൽ മാത്രം ഒതുങ്ങി നിന്നില്ല.നർഗീസിന്റെ കുടുംബത്തിലേക്കും അത് നീണ്ടു. അവളുടെ ഭർത്താവിനെ 10 വർഷത്തേക്കാണ് ശിക്ഷിച്ചത്.കാരണം രാജ്യദ്രോഹം തന്നെ.

പുതിയ കേസുകൾ ഒന്നിനുപുറകെ ഒന്നായി നർഗീനുമേൽ ചാർത്തപ്പെടുന്നു.അനാരോഗ്യവും അപസ്മാരം പോലുള്ള രോഗങ്ങളും അവരെ കീഴ്പ്പെടുത്തുന്നു.

ഇത്തരമൊരുസാഹചര്യത്തിലാണ് നൊബേൽ പുരസ്കാരം നർഗീസ് മുഹമ്മദിയെ തേടിയെത്തുന്നത്തുന്നത്. അതാകട്ടെ ലോകമെങ്ങുമുള്ള മനുഷ്യവകാശ പ്രവർത്തകർക്ക് ഊർജ്ജവും പുതിയ ദിശാബോധവും നൽകുന്നു.

ഈ പുരസ്കാര നേട്ടത്തിലൂടെ അവരുടെ തടവറ ജീവിതം എത്രയും പെട്ടെന്ന് അവസാനിക്കുമെന്ന് ജനാധിപത്യ വാദികളും മനുഷ്യാവകാശ പ്രവർത്തകരും ഒന്നടങ്കം സ്വപ്നം കാണുന്നു.

മനുഷ്യന്റെ സ്വാതന്ത്ര്യ ദാഹത്തെ ഒരു തടവറയ്ക്കും, മതകോടതികൾക്കും അടിച്ചമർത്താനും തടവിലാക്കാനും കഴിയില്ലെന്ന് നർഗീസ് മുഹമ്മദിയുടെ ജീവിത പോരാട്ടങ്ങളിലൂടെ വീണ്ടും വീണ്ടും ലോകത്തെ ഓർമ്മപ്പെടുത്തുന്നു.



# ഇല്ലാതാകുന്ന തൂണ്



ഫ്രാങ്കോ ലൂയിസ്

**വി**മർശകരെ ഇല്ലാതാക്കാനാണ് എക്കാലത്തും ഫാസിസ്റ്റു ഭരണാധികാരികൾ ശ്രമിച്ചിട്ടുള്ളത്. രാജഭരണ കാലത്തും ജനാധിപത്യത്തിന്റെ ആവരണമണിഞ്ഞ ഭരണ സംവിധാനത്തിലുമെല്ലാം അങ്ങനെത്തന്നെയാണ്. വിമർശിക്കുന്നവരെയെല്ലാം പ്രതിയോഗികൾ എന്ന ഗണത്തിൽ ഉൾപെടുത്തി ഉന്മൂലനം ചെയ്യാൻ പലപല വിദ്യകളാണ് അധികാരികൾ പയറ്റുന്നത്. അക്കൂട്ടരെയെല്ലാം കള്ളന്മാരും കള്ളപ്പണക്കാരും രാജ്യദ്രോഹികളുമാണെന്നു മുദ്രയടിച്ചും പ്രചരിപ്പിച്ചും കേസെടുത്തും ജയിലിലടയ്ക്കുകയാണ് മുഖ്യം. ജനങ്ങൾക്കു നീതിയും സംരക്ഷണവും നൽകേണ്ടവരാണു പോലീസ്, സിബിഐ, എൻഫോഴ്സ്മെന്റ്, ആദായനികുതി വകുപ്പ്, എന്നിവ മുതൽ തെരഞ്ഞെടുപ്പു കമ്മീഷൻ വരെയുള്ള എക്സിക്യൂട്ടീവ് വിഭാഗങ്ങൾ. എന്നാൽ ഇക്കൂട്ടരെയെല്ലാം സമ്മർദത്തിലാക്കി ആരാച്ചർവേഷം കെട്ടിച്ച് എതിർശബ്ദങ്ങളുടെ നാവരിയുകയാണു ജനാധിപത്യ വിരുദ്ധരും ജനവിരുദ്ധരുമായ ഭരണാധികാരികൾ. അടിയന്തരാവസ്ഥക്കാലത്തേക്കാൾ ക്രൂരമായ വേട്ടയാടലുകളും കൂട്ടക്കുരുതികളും വംശഹത്യകളുമെല്ലാമാണ് നാം കാണുന്നത്.

ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നറിയപ്പെടുന്നതു പാർ

ലമെന്റാണ്. കഴിഞ്ഞ ഏതാനും വർഷമായി പാർലമെന്റ് ജനാധിപത്യത്തിന്റെ കശാപ്പു ശാലയായി മാറുന്നുണ്ടോ. പ്രതിപക്ഷത്തിനു സംസാരിക്കാൻ അവസരം നൽകുന്നില്ലെങ്കിൽ ജനാധിപത്യം എവിടെ?. എന്തെങ്കിലും സംസാരിച്ചാൽതന്നെ അവയെല്ലാം സഭാ രേഖകളിൽനിന്നു നീക്കം ചെയ്യും. തിരുവായ്ക്ക് എതിർവായില്ലാതാക്കി രേഖകൾ മായിച്ചു കളഞ്ഞാലും ലോകം അതെല്ലാം അറിയുന്നുണ്ട്. ചില മാധ്യമങ്ങളെങ്കിലും സത്യം വിളിച്ചു പറയും.

## മാധ്യമ വേട്ടകൾ

ഇത്തരം മാധ്യമങ്ങളെ ഇല്ലാതാക്കാനുള്ള നടപടികൾ ബിബിസി വേട്ടയിലൂടെ ലോകം കണ്ടതാണ്. 2002 ലെ ഗുജറാത്ത് കൂട്ടക്കുരുതി മുതൽ 2020 ലെ ഡൽഹി കലാപം വരെയുള്ളവയുടെ പിന്നാമ്പുറ വിശേഷങ്ങൾ തുറന്നുകാട്ടിയതിനാണ് ഫെബ്രുവരിയിൽ ബിബിസിയുടെ ഓഫീസുകളിൽ ആദായ നികുതി വകുപ്പും സിബിഐയും ദിവസങ്ങളോളം താമസിച്ചു റെയ്ഡ് നടത്തിയത്. അതിനു മുമ്പ് കഴിഞ്ഞ വർഷം ജൂലൈയിൽ പ്രമുഖ ദിനപത്രമായ ദൈനിക് ഭാസ്കർ ഓഫീസിൽ ആദായനികുതി വകുപ്പിനെക്കൊണ്ടു റെയ്ഡ് നടത്തിച്ചു. കോവിഡ് വ്യാപനം തടയാനുള്ള നടപടികൾക്കിടയിൽ കേന്ദ്ര ആരോഗ്യവകുപ്പു നടത്തിയ കൊള്ളയും ദുർഭരണവുമെല്ലാം വെളിച്ചത്താക്കിയതാണ് മോദി സർക്കാരിനെ ചൊടിപ്പിച്ചത്. ഈ പത്രത്തിനു സർക്കാർ പരസ്യങ്ങൾ വിലക്കുകയും ചെയ്തു. ഉത്തർപ്രദേശിലെ കോവിഡ് കാല കൊള്ള വെളിച്ചത്താക്കിയ ഭാരത് സമാചാറിനെതിരേയും റെയ്ഡ് നടത്തി.

2018 ൽ ദ ക്വിന്റ് എന്ന ഓൺലൈൻ മാധ്യമത്തേയും മോദി സർക്കാർ ആദായനികുതി വകുപ്പിനെക്കൊണ്ടു റെയ്ഡ് നടത്തിച്ചിരുന്നു. 2017 ൽ എൻഡിടിവി ഓഫീസുകളിൽ സിബിഐയാണു റെയ്ഡ് നടത്തിയത്. സ്ഥാപക സാരഥിയായ പ്രണോയ് റോയിയെ സമ്മർദത്തിലാക്കി എൻഡിടിവിയെ കഴിഞ്ഞ വർഷം അദാനി ഗ്രൂപ്പ് ഏറ്റെടുത്തു.

## വേട്ടയല്ല, ഉന്മൂലനം

മാധ്യമ വേട്ട എന്ന ഈ രീതികളിൽനിന്നു വിഭിന്നമായി മാധ്യമ ഉന്മൂലനം എന്ന നിലയിലേക്ക് ശൈലി മാറ്റിയിരിക്കുന്നു. 2009 ൽ ആരംഭിച്ച ഓൺലൈൻ മാധ്യമമായ ന്യൂസ് ക്ലിക്കിനെ അടച്ചുപൂട്ടിക്കുകയും എഡിറ്റർ അടക്കമുള്ളവരെ രാജ്യദ്രോഹവും യുഎപിഎയും അടക്കമുള്ള കുറ്റങ്ങൾ ചുമത്തി അറസ്റ്റു ചെയ്യുകയും ചെയ്ത സംഭവം അതാണു നമ്മെ പഠിപ്പിക്കുന്നത്. എതിർത്താൽ പൂട്ടിക്കും, മരണം വരെ ജയിലിലടയ്ക്കുമെന്ന താക്കീതുകൂടിയാണത്.

2020– 21 വർഷങ്ങളിലായി ഡൽഹിയിൽ നടന്ന കർഷക സമരത്തിന്റെ വാർത്തകൾ ഗംഭീരമായി അവതരിപ്പിച്ച് ദേശീയതലത്തിൽ ശ്രദ്ധ നേടിയ ഓൺലൈൻ മാധ്യമമാണ് ന്യൂസ് ക്ലിക്ക്. കർഷക സമരം അവസാനിപ്പിച്ചതോടെ 2021 ൽ ന്യൂസ് ക്ലിക്കിന്റെ ഓഫീസിൽ ആദായനികുതി വകുപ്പു റെയ്ഡ് നടത്തിയിരുന്നു. ഡൽഹി പോലീസ് ഇക്കഴിഞ്ഞ് ഓഗസ്റ്റ് 17 മുതൽ ന്യൂസ് ക്ലിക്കിനെതിരേ യുഎപിഎ ചുമത്തി കെണിയൊരുക്കിവരികയായിരുന്നു.



ന്യൂസ് ക്ലിക്കിന്റെ സ്ഥാപക എഡിറ്റർ പ്രബീർ പുർകായസ്ത, അഡ്മിനിസ്ട്രേറ്റർ അമിത് ചക്രവർത്തി എന്നിവരെയും എപിഎ ചുമത്തിയാണ് അറസ്റ്റു ചെയ്തത്. എഡിറ്റർമാരുടേയും എഴു

ത്തുകാരുടേയും മുപ്പതിലേറെ വീടുകളിലും ഇടങ്ങളിലുമായി റെയ്ഡ് നടത്തിയശേഷമായിരുന്നു അറസ്റ്റ്. സൗത്ത് ഡൽഹി സൈനിക് ഫാംസിലെ ന്യൂസ് ക്ലിക് ഓഫീസ് അടച്ചുപൂട്ടി. മു തിർന്ന മാധ്യമപ്രവർത്തകരും ചരിത്രകാരന്മാരും അടക്കം അഞ്ചു പേരെ കസ്റ്റഡിയിലെടുത്തു. നിരവധി പേരുടെ ലാപ്ടോപ്പുകളും മൊബൈൽ ഫോണുകളും കംപ്യൂട്ടറുകളും പിടിച്ചെടുത്തു. സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ഔദ്യോഗിക വസതിയിലും പൊലീസെത്തി. യെച്ചൂരിയുടെ വസതിയിൽ താമസിക്കുന്ന സിപിഎം കേന്ദ്ര കമ്മിറ്റി ഓഫീസിലെ ജീവനക്കാരന്റെ മകൻ ന്യൂസ് ക്ലിക്കിലാണു ജോലി ചെയ്യുന്നത്. അതുകൊണ്ടാണ് യെച്ചൂരിയുടെ വീട്ടിൽ റെയ്ഡു നടത്തിയതെന്നാണ് വിശദീകരണം.




പോലീസ് ന്യൂസ് ക്ലിക്കിന്റെ മൂപ്പതിലേറെ മാധ്യമ പ്രവർത്തകരുടെ വീടുകളിൽ റെയ്ഡ് നടത്തുകയും ചോദ്യം ചെയ്യുകയും ലാപ്ടോപ്പും മൊബൈൽ ഫോണുകളും പിടിച്ചെടുക്കുകയും ചെയ്തു. സെർച്ച് വാറണ്ടോ, എഫ്ഐആർ പകർപ്പോ ഇല്ലാതെയായിരുന്നു നടപടി. 25 ചോദ്യങ്ങളാണ് പോലീസ് ചോദിച്ചത്. കർഷക സമരവും പൗരത്വ നിയമത്തിനെതിരായ സമരവും റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്നായിരുന്നു മോദിയുടെയും അമതിഷായുടേയും പോലീസിന്റെ ചോദ്യം.

അരുണാചൽ പ്രദേശും കാഷ്മീരും ഇല്ലാത്ത ഇന്ത്യയുടെ ഭൂപടം സൃഷ്ടിക്കാനുള്ള ചൈനയുടെ ആഗോള അജണ്ട നടപ്പാക്കാൻ ശ്രമിച്ചെന്ന ആരോപണമാണ് ഡൽഹി പോലീസ് ന്യൂസ് ക്ലിക്കിനെതിരേ ചുമത്തിയിരിക്കുന്നത്. അറസ്റ്റിലായ ന്യൂസ് ക്ലിക്ക് എഡിറ്റർ പ്രബിർ പുർകയസ്ഥയുടെ റിമാൻഡ് റിപ്പോർട്ടിലാണ് പോലീസിന്റെ ഈ വാദം. ഇങ്ങനെ ഭൂപടം സൃഷ്ടിക്കാൻ അമേരിക്കൻ വ്യവസായി നെവിൽ റോയ് സിംഘവുമായി ഗൂഡാലോചന നടത്തി 115 കോടി രൂപയുടെ വിദേശപണം കൈപ്പറ്റിയെന്നും ആരോപിക്കുന്നു.

എന്നാൽ ചൈനീസ് അജണ്ട നടപ്പാക്കുകയോ ചൈനയ്ക്ക് അനുകൂലമായി വാർത്ത നൽകുകയോ ചെയ്തിട്ടില്ലെന്ന് ന്യൂസ് ക്ലിക്ക് പറയുന്നു. മാന്യമായും നിയമവിധേയമായുമാണു പ്രവർത്തിച്ചത്. മാധ്യമ പ്രവർത്തനത്തനത്തിന്റെ എല്ലാ മാന്യതയും പാലിച്ചിട്ടുണ്ട്. പണം ബാങ്കിലൂടെ മാത്രമാണ് വാങ്ങിയത്. ഇതിന് അനുമതികളുണ്ട്, റിപ്പോർട്ടുകൾ അധികാരികൾക്കു നൽകിയിട്ടുമുണ്ട്. നിയമത്തിലും കോടതിയിലും പൂർണവിശ്വാസമുണ്ടെന്നും ഇന്ത്യൻ ഭരണഘടനയിലൂന്നി പോരാടുമെന്നും ന്യൂസ് ക്ലിക്ക് വ്യക്തമാക്കി.

## ഇല്ലാതാകുന്ന തൂണ്

മാധ്യമങ്ങളെ ജനാധിപത്യത്തിന്റെ നാലാം തൂണ് എന്നാണു വിശേഷിപ്പിക്കുന്നത്. ജനാധിപത്യത്തിലെ മറ്റു മൂന്നു സ്തംഭങ്ങളായ ലെജിസ്ലേചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയുടെ ഭാഗത്തു വീഴ്ചയുണ്ടാകുമ്പോൾ ചൂണ്ടിക്കാണിക്കാനുള്ള ജനങ്ങളുടെ ശബ്ദമാണ് മാധ്യമങ്ങൾ. ചൂണ്ടിക്കാണിക്കാൻ മാത്രമല്ല, തെറ്റു തിരുത്തിച്ചു ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള തിരുത്തൽ ശക്തിയാണത്. ജനങ്ങളിലേക്കു വിശേഷങ്ങൾ പകർന്ന് ബോധവത്കരിക്കുന്ന പ്രകാശഗോപുരവുമാണ്.

ഇങ്ങനെ കർമനിരതമാകുന്ന മാധ്യമ

ങ്ങൾ ഭരണാധികാരികൾക്കു കണ്ണിലെ കരടാകുന്നതു സ്വാഭാവികം. നോട്ടു നിരോധനം, പൗരത്വ നിയമം, കർഷകദ്രോഹ നിയമങ്ങൾ, കോർപറേറ്റ് പ്രീണന നയങ്ങൾ തുടങ്ങിയവ മുതൽ മണിപ്പൂരിലെ വംശഹത്യ വരെയുള്ള സർക്കാരിന്റെ ജനദ്രോഹ നടപടികളെ മാധ്യമങ്ങൾ നിശിതമായി വിമർശിക്കുന്നതു ജനങ്ങൾക്കു നീതി ലഭിക്കാനാണ്.

മാധ്യമങ്ങൾ ഇല്ലാതാകുന്ന ഒരു കാലമുണ്ടാകുമോ? മാധ്യമങ്ങൾക്ക് അനുദിനം പ്രാധാന്യം വർധിക്കുന്ന കാലത്ത് ഇങ്ങനെയൊരു ചോദ്യത്തിനു പ്രസക്തിയില്ല. സാമൂഹ്യ മാധ്യമങ്ങളിലൂടെ ആർക്കും എപ്പോൾ വേണമെങ്കിലും സ്വയം ഒരു മാധ്യമമാകാവുന്ന കാലമാണിത്. വാട്സ്ആപ്, ഫേസ് ബുക്ക് സാമൂഹ്യ മാധ്യമ കൂട്ടായ്മകളിലൂടെ തീരുമാനമെടുത്തു ബഹുജന മുന്നേറ്റമുണ്ടാക്കിയ അനേകം സംഭവങ്ങൾ ലോകത്ത് ഉണ്ടായിട്ടുമുണ്ട്. എന്നാൽ അതിനേക്കാൾ വിസ്തൃതവും സമഗ്രവുമായ കാഴ്ചപ്പാടുള്ള പരമ്പരാഗത മാധ്യമങ്ങൾക്ക് എന്നും മുന്തിയ സ്ഥാനംതന്നെയുണ്ട്.

ജനാധിപത്യത്തെ സംരക്ഷിക്കുകയും അഴിമതികളെ തുറന്നു കാണിക്കുകയും ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ പോരാടുകയും ചെയ്യുന്ന പരമ്പരാഗത മാധ്യമങ്ങൾക്കു ഭരണകൂട ഭീകരത മാത്രമല്ല വെല്ലുവിളി. മാധ്യമങ്ങളെല്ലാം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. പരസ്യ വരുമാനം കുറയുകയും നടത്തിക്കൊണ്ടുപോകാനുള്ള ചെലവുകൾ വർദ്ധിക്കുകയും ചെയ്തതാണു കാരണം. പത്രങ്ങൾക്കാണെങ്കിൽ ന്യൂസ് പ്രിന്റിന്റെ വില നാലിരട്ടിയാണ് വർധിച്ചത്. പ്രഗൽഭരായ മാധ്യമപ്രവർത്തകർ അടക്കം ജീവനക്കാർക്കു ശമ്പളം നൽകാൻപോലും കഴിയാത്ത അവസ്ഥയിലാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം മാധ്യമങ്ങളും. ആകർഷകമായ ശമ്പളം ഇല്ലാത്തതുമൂലവും കടുത്ത തൊഴിൽ സമ്മർദവും മൂലം കഴിവുള്ള പുതുതലമുറ മാധ്യമരംഗത്തുനിന്ന് അകന്നു നിൽക്കുകയാണ്.

ഇതിനെല്ലാം പുറമേയാണ് റെയ്ഡുകളും ഫോണും ലാപ്ടോപ്പും പിടിച്ചെടുക്കലും കള്ളക്കേസുകളും ചുമത്തി മാധ്യമപ്രവർത്തകരെ വേട്ടയാടുന്നത്. വിമർശനവുമായി ആരും ഇങ്ങോട്ടു വരേണ്ടെന്ന താക്കീതാണ് ഈ നടപടികളിലൂടെ ഭരണാധികാരികൾ മുന്നോട്ടുവയ്ക്കുന്നത്.

ന്യൂസ് ക്ലിക്കിനെതിരായ നടപടിയോടെ 16 മാധ്യമ സംഘടനകൾ സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് തുറന്ന കത്തെഴുതിയിരിക്കുകയാണ്. രാജ്യത്ത് മാധ്യമ സ്വാതന്ത്ര്യം കടന്നാക്രമിക്കപ്പെടുകയാണെന്നും പ്രതികാരനടപടി ഭയന്നാണ് മാധ്യമ പ്രവർത്തകർ ജോലി ചെയ്യുന്നതെന്നും കത്തിൽ പറയുന്നു.

ഭയപ്പെടുത്തിയും വേട്ടയാടിയും മാധ്യമങ്ങളെ ഉന്മൂലനം ചെയ്താൽ വലിയ ദുരന്തമാണു രാജ്യത്തിനും ജനാധിപത്യത്തിനും ജനങ്ങൾക്കുമെല്ലാം സംഭവിക്കുക. മാധ്യമങ്ങളെ സംരക്ഷിക്കേണ്ട ചുമതല ജനങ്ങൾക്കുതന്നെയാണ്.



## ചൈനീസ് അധിനിവേശം

ചൈനീസ് അജണ്ട നടപ്പാക്കാൻ ശ്രമിച്ചെന്ന് ആരോപിച്ചാണ് ചൈനയുടെ അധിനിവേശത്തെ ചെറുക്കാനാകാത്ത ഭരണാധികാരികളുടെ മാധ്യമവേട്ട. കഴിഞ്ഞ നാലു വർഷത്തിനിടെ ഇന്ത്യയുടെ ഇരുപതിനായിരം കിലോമീറ്റർ പ്രദേശം ചൈനീസ് പട്ടാളം പിടിച്ചെടുത്തെന്നാണ് മോദി സർക്കാരിനെതിരേ ഉയരുന്ന പ്രധാന ആരോപണം.

ലഡാക്ക് പ്രദേശത്തുതന്നെ അയ്യായിരം ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശം പിടിച്ചെടുത്തെന്ന് ആ പ്രദേശം ഈയിടെ സന്ദർശിച്ച രാഹുൽഗാന്ധിയോടു നാട്ടുകാർ പരാതിപ്പെട്ടു.

ചൈനീസ് കൈയേറ്റത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു ചർച്ച ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്നു വർഷം മുമ്പ് വിളിച്ച സർവകക്ഷി യോഗത്തിൽ കോൺഗ്രസ് പ്രതിനിധികൾ ലഡാക്ക് മേഖലയിലെ ചൈനീസ് കൈയേറ്റത്തെക്കുറിച്ചു ചൂണ്ടിക്കാട്ടിയപ്പോൾ ദശാബ്ദങ്ങളായി 43,000 ചതുരശ്ര കിലോമീറ്റർ ചൈന കൈവശപ്പെടുത്തിയെന്നു പഴയ കോൺഗ്രസ് ഭരണകൂടങ്ങളെ കുറ്റപ്പെടുത്തുകയാണു മോദി ചെയ്തത്.

ഏതാനും മാസം മുമ്പു ചൈന പുറത്തുവിട്ട ഭൂപടം ഏറെ വിവാദമായിരുന്നു. ഇന്ത്യയുടെ അരുണാചൽ പ്രദേശ് സംസ്ഥാനവും കാഷ്മീരിനടുത്തുള്ള കേന്ദ്ര ഭരണ പ്രദേശമായ ലഡാക്കിലെ അക്സായ് ചിൻ പ്രദേശങ്ങളും ചൈനയുടേതാക്കിക്കൊണ്ടാണ് ചൈന ഭൂപടം തയാറാക്കിയത്. അക്സായി ചിൻ പ്രദേശത്തു ചൈനീസ് പട്ടാളം നിർമാണ പ്രവർത്തനങ്ങൾ നടത്തുന്ന ദൃശ്യങ്ങളും ഈയിടെ പുറത്തുവന്നിരുന്നു.



ചൈന പിടിച്ചെടുത്ത ഭൂ പ്രദേശങ്ങളെക്കുറിച്ചു ചോദിക്കുമ്പോൾ ചൈന ഒന്നും പിടിച്ചെടുത്തിട്ടില്ലെന്നാണു പ്രധാനമന്ത്രി നരേന്ദ്രമോദി പറയുന്നത്. ഇതേസമയം, പിന്മാറ്റം അഭ്യർത്ഥിച്ചു സൈനിക തല ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ഇതുവരെ അറുപതിനായിരം ചതുരശ്ര കിലോമീറ്റർ പ്രദേശങ്ങൾ ചൈന കൈവശപ്പെടുത്തിയെന്നാണ് ആരോപണം.

രാജ്യത്തിന്റെ വലിയൊരു ഭാഗം പിടിച്ചെടുത്ത ചൈനയിൽനിന്ന് ആ പ്രദേശങ്ങൾ വീണ്ടെടുക്കുന്നതു ദുഷ്കരമാണ്. രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കാൻ കഴിയാത്തവർ രാജ്യസ്നേഹം പ്രകടമാക്കാൻ കുറുക്കുവഴികളിലൂടെ ഓടുകയാണ്.

## ജനസദസ്

കേരളത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ 18 ന് ആരംഭിക്കുന്ന ജനസദസ് പരിപാടികൾ അക്ഷരാർത്ഥത്തിൽ ജനങ്ങളെ ഉണർത്തുന്ന ജനകീയ മേളകളാകും. ജനങ്ങളുമായി ആശയവിനിമയം നടത്താനും സർക്കാരിന്റെ ഭരണ നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കാനും ജനങ്ങളുടെ പരാതികൾ കേൾക്കാനും പരിഹരിക്കാനുമെല്ലാമാണ് ജനസദസ് ഒരുങ്ങുന്നത്. 140 നിയമസഭാ മണ്ഡലങ്ങളിലും ജനസദസ് നടക്കും. പ്രതിപക്ഷത്തെ 41 എംഎൽഎമാർ സഹകരിക്കില്ലെന്നു യുഡിഎഫ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രായോഗികമാകാൻ സാധ്യത കുറവാണ്. സ്വന്തം മണ്ഡലത്തിലെ ജനങ്ങളുടെ ക്ഷേമ പദ്ധതികളുമായുള്ള ചർച്ചകളിൽനിന്ന് എംഎൽഎയ്ക്കു മാറി നിൽക്കാനാവില്ല.

ഓരോ ദിവസവും നാലു മണ്ഡലങ്ങളിലാണു ജനസദസ് നടക്കുക. മുഖ്യമന്ത്രിയും മന്ത്രിമാരും പ്രത്യേകം സജ്ജമാക്കിയ ബസുകളിലാണ് ജനസദസിന് എത്തുക. ജനസദസ് എങ്ങനെ ജനകീയമാക്കണമെന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് മേഖലാതല യോഗങ്ങളിലൂടെ മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും അടക്കമുള്ളവർ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഡിസംബർ 24 വരെയാണു ജനസദസ് നടക്കുക. അടുത്ത വർഷം ഏപ്രിൽ മാസത്തിൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള എൽഡിഎഫിന്റെ രാഷ്ട്രീയ പ്രചാരണ തന്ത്രമാണ് ജനസദസ് എന്നാണ് യുഡിഎഫ് ഉന്നയിക്കുന്ന ആരോപണം.

# ഗ്രന്ഥശാല പ്രസ്ഥാനവും കേന്ദ്രം കയ്യടക്കുന്നു



**കെ.എം. ശിവരാമൻ**

**രാ**ജ്യത്തെ ഗ്രന്ഥശാലകളെ സമാവർത്തിപ്പട്ടികയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ നിയന്ത്രണത്തിൽ ആക്കുക എന്ന ലക്ഷ്യം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ദില്ലിയിൽ സമാപിച്ച'ഫെസ്റ്റിവൽ ഓഫ് ലൈബ്രറീസ് -2023' സമ്മേളനം നൽകിയ മുന്നറിയിപ്പാണിത്. രാജ്യത്തെ ജനങ്ങളുടെ വായനാവൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനോ കൂടുതൽ പേരെ വായനയിലേക്ക് ആകർഷിക്കുന്നതിനോ ലക്ഷ്യമിട്ടുള്ളതാണോ പുതിയ നീക്കം എന്നത് സംശയങ്ങൾ ഉണർത്തുന്നു. കേരളത്തിന്റെ പ്രബുദ്ധമായ സാമൂഹ്യജീവിതം രൂപപ്പെടുത്തിയതിൽ ഗ്രന്ഥശാലകൾ നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത്. പി.എൻ.പണിക്കർ തുടങ്ങിയ മഹാരഥന്മാർ വായന ഒരു ജീവിതചര്യയാക്കി മലയാളികളുടെ ജീവിതത്തെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 മുതൽ 25 വരെയുള്ള ദിവസങ്ങൾ വായനാവാരമാക്കി കേരളക്കരയിൽ വായനയുടെ വസന്തം തീർക്കുകയാണ്. അവകാശ സമരങ്ങൾക്കും അധ:സ്ഥിത ജനത ക്കായുള്ള സാമൂഹ്യതുല്യതക്കും പൊതുസമൂഹത്തെ പ്രാപ്തമാക്കുന്നതിൽ ഗ്രന്ഥശാലകളും വായനയും നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ജനങ്ങളിൽ ദേശീയ ബോധം വളർത്തിയെടുക്കുക, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുക എന്നീ ദൗത്യങ്ങളോടെ സാക്ഷരതാ പ്രവർത്തനം വ്യാപിപ്പിച്ചു. ഹിന്ദി പ്രചാരണം, നിശാ പാഠശാലകൾ എന്നിവയൊക്കെ വായനശാലകൾ കേന്ദ്രീകരിച്ചാണ് യാഥാർത്ഥ്യമായത്. അനൗപചാരിക വിദ്യാഭ്യാസം, വിദ്യാർത്ഥികൾക്കും യുവതി യുവാക്കൾക്കിടയിലും സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കുള്ള അവസരം ഒരുക്കൽ, വിജ്ഞാന വ്യാപനം, മത്സര പരീക്ഷക്കുള്ള തയ്യാറെടുപ്പ്, ഡിജിറ്റൽ സാക്ഷരത എന്നിങ്ങനെ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ കേരളത്തിൽ ശക്തമാണ്.

ജനസംഖ്യയിൽ ലോകത്ത് ഒന്നാം സ്ഥാനം നേടിയെടുത്ത ഇന്ത്യ നിരക്ഷരതയുടെ കാര്യത്തിൽ ശിരസ്സു കുനിക്കേണ്ട അവസ്ഥയിലാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്ത ജനകോടികൾ കമ്മ്യൂണിറ്റി വിദ്യാഭ്യാസം ലഭിക്കുന്നതിന് തുടർ വിദ്യാ കേന്ദ്രങ്ങളായി ലൈബ്രറികളെ ഉപയോഗപ്പെടുത്തുന്നുണ്ട്. മുതിർന്നവർക്ക് ആജീവനാന്ത പഠനം, പാർശ്വവൽക്കരിക്കപ്പെട്ട ജനതയ്ക്ക് അക്ഷര ലോകത്തേക്ക് പ്രവേശനം എന്നിവ സാധ്യമാക്കുന്നതാണ് ലൈബ്രറികളുടെ പ്രവർത്തനം. വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ ആയിട്ടും ഇന്ത്യയിലെ ശരാശരി സാക്ഷരത നിരക്ക് 77.70 % ആണ്. 36 ശതമാനത്തിലേറെ മനു

ഷ്യർ അക്ഷരത്തിന്റെ സ്വാദറിയാതെ നിരക്ഷരതയുടെ ലോകത്താണ് ജീവിക്കുന്നത്. ഏറ്റവും മികച്ച സാക്ഷരതാ നിരക്കുള്ള കേരളത്തിൽ ആകട്ടെ 94 ശതമാനം അവകാശപ്പെടുന്നു. ബീഹാർ, ആന്ധ്ര പ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ സാക്ഷരതാ നിരക്ക് അമ്പരപ്പിക്കും വിധം കുറവാണ്. സാക്ഷരതയുടെ കണക്കിൽ ലിംഗപരമായ അസമത്വം, നഗര, ഗ്രാമ പ്രാദേശിക അസമത്വം, ഭാഷാപരമായ അസമത്വം,വർഗ്ഗപരവും വംശീയവുമായ അസമത്വങ്ങൾ അവഗണിക്കാവുന്നതല്ല. സംസ്ഥാനങ്ങളിൽ വൈവിധ്യമാർന്ന സാമൂഹ്യദൗത്യം നിർവഹിക്കുന്ന ഗ്രന്ഥശാലകളെ 'ഒരു രാഷ്ട്രം, ഒരു ഡിജിറ്റൽ ലൈബ്രറി' എന്ന പ്രഖ്യാപനത്തോടെ ഒരു കേന്ദ്രത്തിൽ ഇരുന്ന് നിയന്ത്രിക്കുക എന്നതാണ് പുതിയ നീക്കത്തിന്റെ ഉദ്ദേശ്യം. വൈവിധ്യങ്ങളെ ശിഥിലമാക്കുക, അഭിരുചികളെ ഏകീകരിക്കുക എന്ന ആധുനിക കമ്പോള തന്ത്രം ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെയും മാരകമായി ഗ്രസിക്കുകയാണ്. കേരളം, പശ്ചിമബംഗാൾ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ വേരോട്ടമുള്ള ഗ്രന്ഥശാല പ്രസ്ഥാനം കേന്ദ്രത്തെ അസ്വസ്ഥതപ്പെടുത്തുന്നുണ്ട്. അറിവിന് അതിർത്തി നിർണ്ണയിക്കുന്ന സാഹചര്യം സൃഷ്ടിക്കാനാണ് ഭരണകൂടം ശ്രമിക്കുന്നത്. ലോകത്ത് രൂപം കൊണ്ട വ്യത്യസ്ത ആശയങ്ങൾ, ദർശനങ്ങൾ, ശാസ്ത്ര സത്യങ്ങൾ എല്ലാറ്റിനും ഭരണകൂട താല്പര്യത്തിന് പുറത്ത് സ്വതന്ത്രമായ തുടർച്ചയും പാരസ്പര്യവും ഉണ്ട്. അധികാര കേന്ദ്രങ്ങൾ ആശയങ്ങളുടെ വ്യാപനം തടയുന്നത് ഭയപ്പാടിന്റെയും അടിച്ചമർത്തലിന്റെയും ലക്ഷണമാണ്. പതിനാറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ റോമൻ കത്തോലിക്കാ സഭ നിരോധിത പുസ്തകങ്ങളുടെ പട്ടിക തന്നെ പുറത്തിറക്കിയതായി ചരിത്രം രേഖപ്പെടുത്തുന്നു. യൂറോപ്യൻ തത്വചിന്തകരുടെയും ശാസ്ത്രജ്ഞരുടെയും കവികളുടെയും നിരവധി കൃതികൾ നിരോധിച്ചു. മതപരമായ ആശയങ്ങളും സ്വർഗ്ഗ നരക ചിന്തകളും കുത്തിനിറച്ച നിരവധി പുസ്തകങ്ങൾ ഉള്ള ലൈബ്രറികൾ മതസ്ഥാപനങ്ങളുടേതായി ഈ കാലയളവിൽ സ്ഥാപിക്കപ്പെട്ടു. വായനാ സമൂഹത്തെ ബലപ്രയോഗത്തിലൂടെ സ്വാധീനിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. മതവിരുദ്ധമോ അധികാര കേന്ദ്രങ്ങളെ വിമർശിക്കുന്നതോ ആയ കൃതികളെ ദൈവനിന്ദയുടെ പേരിലാണ് യുക്തി രഹിതമായി തടഞ്ഞത്. അത്തരം പുസ്തകങ്ങൾ സ്വന്തമാക്കുന്നതും വായിക്കുന്നതും കഠിനമായ ശിക്ഷക്ക് കാരണമായി. നാസി ജർമനിയിൽ ഹിറ്റ്ലറുടെ ഏകാധിപത്യ ഭരണകൂടം ജനങ്ങൾ ആർജ്ജിക്കുന്ന അറിവിനെ ഭയപ്പെട്ടായിരുന്നു പുസ്തകങ്ങൾ ചുട്ടെരിച്ചത്. ചരിത്രത്തെയും വസ്തുതകളെയും പൈതൃകത്തെയും സംസ്കാരത്തെയും കുഴിച്ചുമൂടാനുള്ള വിഫല ശ്രമം ആയിരുന്നു ഹിറ്റ്ലറുടെ പദ്ധതി. നവീന ചിന്തകളുടെയും ആശയങ്ങളുടെയും വാതായനങ്ങൾ തുറക്കുന്ന വായന എന്നും യാഥാസ്ഥിതിക കേന്ദ്രങ്ങളെ അസ്വസ്ഥമാക്കിയിട്ടുണ്ട് . സ്വേച്ഛാധിപതികൾ പുസ്തകങ്ങളെ ഭയപ്പെടുന്നതും വെറുക്കുന്നതും ഇക്കാരണത്താലാണ്. ഭൂതകാലത്തെ പുനരാവിഷ്കരിക്കാനുള്ള പുനരുത്ഥാനവാദം സമീപകാലത്തായി സമസ്ത വൈജ്ഞാനിക മേഖലകളിലും നടപ്പാക്കുകയാണ്. വിശ്വപ്രസിദ്ധ ഇറ്റാലിയൻ ദാർശനികനും നോവലിസ്റ്റും ആയ 'ഉമ്പർട്ടോ എക്കോ' ഫാസിസത്തിന്റെ ലക്ഷണങ്ങൾ നിരീക്ഷിച്ചത് ഇങ്ങനെയാണ്. പോയ കാലത്തെ മനുഷ്യാർജ്ജിത നേട്ടങ്ങൾ നിരന്തര മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ ആധുനിക വിജ്ഞാനവും ശാസ്ത്രവും ചരിത്രബോധവും നിരന്തരം പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്നവയാണ്. ഇത് വിസ്മരിച്ച് ഇന്നലെകളിലെ മഹത്വം മാത്രം ഘോഷിക്കുന്നത് ഫാസിസത്തിന് അരങ്ങൊരുക്കലാണ്. എല്ലാ അറിവുകളും പാരമ്പര്യ സിദ്ധിയാണെന്ന് ശാഠ്യം പിടിക്കു

ന്നവർ പുതിയ കണ്ടെത്തലുകളെ തടയുന്നു. ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കുമ്പോഴും അറിവിന് അടിസ്ഥാനമായ ശാസ്ത്ര നേട്ടങ്ങളെ നിഷേധിക്കുന്നു. യുക്തിപരമായ ചിന്ത തടയുകയും പകരം ആചാരാനുഷ്ഠാനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ജനാധിപത്യപരമായ എല്ലാ വിയോജിപ്പുകൾക്കും രാജ്യദ്രോഹം എന്ന കുറ്റം ചുമത്തന്നതും നാം കാണുന്നു. അഭിപ്രായവ്യത്യാസങ്ങളെ ഗൂഢാലോചന സിദ്ധാന്തം ഉപയോഗിച്ച് അടിച്ചമർത്തുന്നു. വരേണ്യത ഉയർത്തിപ്പിടിക്കാൻ ഐതിഹ്യങ്ങളെ തിരിച്ചുകൊണ്ടുവരുന്നു. വംശീയ ശുദ്ധി യെന്ന അസംബന്ധം മഹത്വവൽക്കരിച്ച് അപരവിദ്വേഷം പ്രചരിപ്പിക്കുന്നു. ഇതിഹാസ കഥകളിലെ മനുഷ്യരും മൃഗങ്ങളുമായ വീരന്മാരേയും അവരുടെ സാങ്കൽപ്പിക ധീരകൃത്യങ്ങളെയും മഹത്വവൽക്കരിക്കുന്നു. മനുഷ്യരെല്ലാം ഒന്നാണെന്ന പൊതുബോധത്തിനെതിരെ സങ്കുചിത രാഷ്ട്രീയത്തിന്റെ ഭ്രാന്തമായ തേരോട്ടമാണ് ലക്ഷ്യമിടുന്നത്. വായന മനുഷ്യനെ പൂർണ്ണനാക്കുന്നു എന്ന് 'ഫ്രാൻസിസ് ബേക്കൺ' നിരീക്ഷിച്ചതും സംസ്കാരത്തെ നശിപ്പിക്കാൻ വായന അവസാനിപ്പിച്ചാൽ മതി എന്ന് 'റേ ബ്രാഡ്ബറി' വ്യക്തമാക്കിയതും എത്ര ദീർഘവീക്ഷണത്തോടെയാണ്! മൺമറഞ്ഞുപോയ തലമുറകളുടെ രേഖപ്പെടുത്തപ്പെട്ട ജീവിതാനുഭവങ്ങൾ ഭാവിയിലേക്കുള്ള നേർവഴികളാണ്. തലമുറകളായി ആർജിച്ച സഞ്ചിത ബോധത്തിന്റെ ആധികാരിക രേഖകളാണ് ലൈബ്രറികൾ.

1976 ൽ വിദ്യാഭ്യാസം സംസ്ഥാന പട്ടികയിൽ നിന്നും സമാവർത്തിപ്പട്ടിക യിലേക്ക് മാറ്റി കേന്ദ്രം പിടിമുറുക്കാൻ ആരംഭിച്ചു. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികാസത്തിനുമായി കേരളത്തിൽ മികച്ച പ്രവർത്തനമാണ് സംഘടിപ്പിക്കുന്നത്. ലോകനിലവാരത്തിലുള്ള പ്രസാധകരുടെ പുസ്തകങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നു.ഇങ്ങനെ വായനാ സമൂഹത്തെയും സംവാദത്തിന് തയ്യാറായ ജനതയെയും ഒരുക്കിയെടുക്കുന്ന സാമൂഹ്യദൗത്യം ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് നടക്കുന്നു എന്നത് സുപ്രധാനമാണ്.

പുതിയ നിർദ്ദേശത്തിൽ കേന്ദ്രസർക്കാർ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട വികസന ആവശ്യങ്ങൾക്കുള്ള ധനകാര്യ ഗ്രാൻഡ് പോലും നിഷേധിക്കുമ്പോഴാണ് ലൈബ്രറിയുടെ പേരിൽ സഹായം എത്തിക്കാം എന്ന് വാഗ്ദാനം നൽകുന്നത്. ഇത് അക്ഷരാർത്ഥത്തിൽ കേന്ദ്ര പദ്ധതി അപ്പാടെ നടപ്പാക്കുന്നതിനുള്ള നിർബ്ബന്ധിത വിലപേശലായി മാറും. വിദ്യാഭ്യാസത്തെ വർഗ്ഗീയ വൽക്കരിക്കാനുള്ള ശ്രമങ്ങൾ, ഗ്രാൻഡ് വെട്ടിക്കുറക്കൽ, പാഠ്യപദ്ധതിയുടെ നവീകരണം എന്ന പേരിൽ നടപ്പാക്കുന്ന ചരിത്രത്തിന്റെ അപനിർമ്മിതി ഇവയെല്ലാം ആശങ്ക പരത്തുന്നതിനിടെയാണ് ലൈബ്രറികൾ കേന്ദ്രീകരിക്കാനുള്ള പുതിയ അജണ്ട പുറത്തുവരുന്നത്. സമ്പൂർണ്ണ സാക്ഷരത നേടിയെടുക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യ രംഗത്തുള്ള ട്രസ്റ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ കൈകോർത്ത് നിരക്ഷരത നിർമ്മാർജ്ജനമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. ഇത് വിസ്മരിക്കുന്നത് ഏഴര പതിറ്റാണ്ട് പിന്നിട്ട സ്വാതന്ത്ര്യത്തിന്റെ അമൃതകാലത്തോടുള്ള അവഗണനയാണ്.

അക്ഷരങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തുന്ന വർഗ്ഗീയ ഫാസിസത്തിന് ചിന്താസ്വാതന്ത്ര്യം കാംക്ഷിക്കുന്ന പൗര സമൂഹം തടയിട്ടില്ലെങ്കിൽ ജീർണ്ണിച്ച മത ഭാവനയിൽ നാമ്പെടുക്കുന്ന വിഭ്രാന്തി നിറഞ്ഞ ആസുരകാലം അകലെയല്ലെന്ന് ഓർക്കുക.

●


# ഒരുവളുടെ സ്വയം നിർണയാവകാശ സമരങ്ങൾ



ദർശന.

ശ്രീനന്ദിനിക്ക് കവിതയോടുള്ള പ്രണയം സ്വയം മറന്ന ഇടങ്ങളിൽ നിന്നും നിഴൽ വെളിച്ചങ്ങൾ ഉണർന്നൊറ്റ ഉടലാകുന്നു. തിരക്കുകളിൽ ചേർന്ന് നിന്ന് ലോകം പുതുക്കിപ്പണിയുന്ന അപൂർവ്വ സൗഹൃദമാണത്. അമ്മയെപ്പോലെ.

'പ്രണയത്താൽ കൊല്ലപ്പെടുന്ന പെൺകുട്ടികൾക്ക് ' ശ്രീനന്ദിനി സജീവ് എഴുതിയ കവിത സമാഹാരമാണ് . ശ്രീനന്ദിനിയെ വിദ്യാർത്ഥിയായി ലഭിച്ചു എന്നതാണ് തന്റെ അധ്യാപന ജീവിതത്തിലെ സുകൃതങ്ങളിൽ ഒന്നെന്ന് ഈ പുസ്തകത്തിന് അവതാരിക എഴുതിയ കവി വർഗീസാൻറണി പറയുന്നു. പ്രണയത്താൽ കൊല്ലപ്പെടുന്ന പെൺകുട്ടികൾക്ക് ലളിതമായ വായനാനുഭവം പങ്കുവെക്കുന്ന ഒരു പുസ്തകമാണ് . എന്നാൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ അതീവ ഗൗരവമാർന്നതാണ്. സങ്കീർണതകൾ ഇല്ലാതെ ഈ എഴുത്തുകൾ വായനക്കാരന്റെ ഹൃദയങ്ങളെ പുണരുന്നു. കടുത്ത നോവിന്റെ, കനത്ത ചിന്തയുടെ ഭാരം അവശേഷിപ്പിച്ച് ഇതുതന്നെയല്ലേ ഞാൻ പറയാൻ ഉദ്ദേശിച്ചത് എന്ന് നിഷ്കളങ്കമായ ചിരിയോടെ മാറി നിൽക്കുന്നു. വ്യക്തമായ രാഷ്ട്രീയ സാമൂഹ്യബോധമുള്ള വീട്ടമ്മയാണ് ശ്രീനന്ദിനി. ഈ പുസ്തകത്തിലെ കവിതകളിൽ അത് പ്രതിധ്വനിക്കുന്നുണ്ട് . 51 കവിതകളുണ്ട് ഈ പുസ്തകത്തിൽ . ഒട്ടും ദീർഘമല്ല എഴുത്ത്. അതിനാൽ തന്നെ വായനയിലേക്ക് എളുപ്പം ചേർത്തുവയ്ക്കാം. ജീവിതത്തിന്റെ കടലത്രേ കവിതയ്ക്ക് മഷിപ്പാത്രം എന്ന് പറഞ്ഞ പൂർവസൂരികളെ പിന്തുടരുന്ന ഈ എഴുത്തുകാരിയുടെ കവിതകളിൽ ജീവിതവുമായുള്ള ബന്ധം ഇഴ ചേർന്ന് നിൽക്കുന്നു. ഈ പുസ്തകത്തിലൂടെ കടന്നു പോകുമ്പോൾ നമുക്ക് ആ ഇഴയടുപ്പം അനുഭവിച്ചറിയാനാകും. അവരുടെ നിരീക്ഷണ



ങ്ങൾ അത്രയും സൂക്ഷ്മമാണ്.

ജീവിതത്തിന്റെ ദൈനംദിന കാഴ്ചകളിലേക്ക് എഴുത്തുകാരി നമ്മെ ക്ഷണിക്കുന്നു.ആ കാഴ്ചകൾ നമ്മുടെ ഹൃദയങ്ങളിൽ ഇടം പിടിക്കുമ്പോൾ പൊടുന്നനെ ഒരു ചോദ്യം എറിയുകയാണ്. അല്ലെങ്കിൽ ഒരു പ്രസ്താവം നടത്തുകയാണ്. ആ പ്രസ്താവനയിൽ വായനക്കാരൻ നിശബ്ദനാകുന്നു . അത് ഉണർത്തുന്ന ചിന്തകളിലേക്ക് അവൻ കടന്നു കയറുന്നു. അത്രയും ഗഹനമായ ഒരു രചനാപാഠമാണ് ശ്രീനന്ദിനി ഈ കവിതകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് കാണാം.

ഇരട്ടവാലൻ എന്ന ആദ്യ കവിത തന്നെ നോക്കുക നിത്യവും കാണുന്ന ഒരു ബസ് യാത്രയിലെ കിളി. അയാളുടെ ചെയ്തികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . ഇറങ്ങി നിൽക്കാത്തവരൊക്കെ ഐഡി കാർഡ് എടുത്തോട്ടെ എന്ന ഒറ്റ വാചകത്തിലൂടെ ജനങ്ങൾ ഏറ്റവും കൂടുതൽ പ്രതിസന്ധി അനുഭവിച്ച, തന്റേതായ ഇടങ്ങളിൽ വേരുകൾ എവിടെയെന്ന് ചികഞ്ഞ് കാണാനാകാതെ ഉള്ളം തകർന്ന പൗരത്വ ബിൽ എന്ന ഓർമ്മയിലേക്ക് അല്ല ഇനിയും തിരിച്ചുവരാവുന്ന യാഥാർത്ഥ്യത്തിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു കവി .

ജനാധിപത്യം എന്ന കവിതയിൽ ഈ രാഷ്ട്രീയ ബോധം രൂഢമൂലമാകുന്നുണ്ട്.

'ഉറക്കമുണ്ടോ നിങ്ങൾക്ക്?
സ്വതന്ത്രനായ ഒരു സിംഹം എനിക്കും നിങ്ങൾക്കും ഇടയിൽ മുരണ്ടു നടക്കുന്നില്ലേ.' എന്ന കവിതയുടെ തുടക്കം തന്നെ ശ്രദ്ധേയമാണ്. പരിഷ്കരിച്ച നയങ്ങളായി നിയമവും നിയമനങ്ങളും പുതുമോടിയിൽ വന്നു തിളങ്ങി നിൽക്കുമ്പോൾ നാളത്തെ പകൽ എന്താകുമെന്ന വേവലാതി ഏതൊരു പൗരനെപ്പോലെയും ശ്രീനന്ദിനി പങ്കുവെക്കുന്നു. അംശാവതാരങ്ങളായി നരസിംഹങ്ങൾ എല്ലാ തൂണിലും തുരുമ്പിലും വന്നു നിറയുന്നതിന്റെ ശബ്ദം അറിയുമ്പോൾ നിങ്ങൾക്ക് എങ്ങനെ ഉറങ്ങാനാകുമെന്ന് ശ്രീ നന്ദിനി ചോദിക്കുന്നു..

അവൾ ഒരു വീട്ടമ്മയാണ്. വീട് എന്ന ജനാധിപത്യ സംവിധാനത്തിന് കീഴിൽ തന്റേതായ സ്വത്വം കണ്ടെത്തിയവളാണ്. ഇരുട്ടു നിറഞ്ഞ അടഞ്ഞ വീടുകൾ ഇപ്പോഴും നിറഞ്ഞു കൊണ്ടിരിക്കുന്ന ഒരു നാട്ടിൽ കാറ്റും വെളിച്ചവും കടക്കുന്ന തുറന്ന വീടുകൾ സ്വപ്നം കാണുന്ന ഒരുവൾ. . സ്വയം നിർണയത്തിനുള്ള അവകാശം തങ്ങളിൽ തന്നെയെന്ന് അവൾ സഹയാത്രികരെ ഓർമിപ്പിക്കുന്നു. അതിവൈകാരികതയുടെ കാണാക്കവിതകളെ പിന്നെയും പാലൂട്ടുന്നു ഭൂമിയെ പോലെ. വീട് എന്ന വൈകാരികതയിലേക്ക് വായനക്കാരെ നിരന്തരം കൂട്ടിക്കൊണ്ടു പോകുന്നുണ്ട് . ആ വീട്ടിൽ നിന്ന് തന്നെ അതീവ തീവ്രമായ രാഷ്ട്രീയ സാമൂഹ്യ ചലനങ്ങളിലേക്ക് കണ്ണുകൾ പാലിക്കുന്നുണ്ട്. ഒപ്പം നിൽക്കുന്നവരുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അതുകൊണ്ടാണ് കുഞ്ഞിനെ ഉറക്കി കിടത്തി ദിവസതിരക്കുകളിലേക്കാഴുന്ന അമ്മവിചാരങ്ങൾക്ക് കെ റെയിൽ വേഗത കൈവരുന്നത്. ഒരു മഞ്ഞ വൃത്തത്തിലെ കറുത്ത അക്കങ്ങൾ ഹൃദയം പൊള്ളിച്ച അനുഭവങ്ങളിലേക്ക് അവൾ വിരൽചൂണ്ടുന്നത്..

എന്തും ഏതും പഠിപ്പിക്കുന്ന വീട്ടകം തന്നെയാണ് തന്റെ സർവ്വകലാശാല എന്ന് തിരിച്ചറിയുന്നത്.

കവിത അവൾക്ക് ആത്മസംവേദനത്തിന്റെ ഉറവയാണ്. വേദനകളിൽ നോവുകളിൽ പ്രാണൻ പിടയുന്ന അസ്വസ്ഥതകളിൽ സാന്ത്വനമേകുന്ന കൂട്ടുകാരിയാണ്.

അവൾ കുറിക്കുന്നു അറിയാമെനിക്ക് ആത്മബന്ധങ്ങൾ അമൂല്യമാം വാക്കിനാഴങ്ങളും സ്നേഹശീലുകൾ അർത്ഥം പൂണ്ട ചിന്തകൾ എന്നാൽ നിത്യം ഒരു കാറ്റിനാൽ വീണടിയും സങ്കടങ്ങൾ മറുകാറ്റായി പോകും കവിതാക്ഷരങ്ങളായി.

കൂട്ടിലടയ്ക്കപ്പെട്ട പലരും ലോകം കാണുന്ന രസക്കൂട്ടാണ് മക്കൾ. അകം പുറം എന്ന കവിതയിലൂടെ ശ്രീനന്ദിനി പറയുന്നു, നട്ടപ്പാതിരയ്ക്ക് ആർത്തിരമ്പി വരുമ്പോൾ മഴ കാണണം എന്ന് കൂട്ടിരിക്കാൻ ആകുലതകളുടെ ഉൾപെയ്ത്തുകളിൽ മുഖമൊന്നു മാറിയാൽ എന്താ പറ്റിയെ എന്ന് ചോദിക്കാനും മക്കളല്ലാതെ മറ്റാരാണ് കൂട്ട്. .

ഇങ്ങനെ വാത്സല്യമൃതം പൊഴിക്കുന്ന അതേ അമ്മ തന്നെയാണ് വിശ്വാസങ്ങളായി കൂട്ടിയിണക്കുന്ന തന്ത്രം പരിണാമത്തിൽ ദുരന്തമാകാറുണ്ടെന്ന ഗൗരവം പങ്കുവെക്കുന്നതും. . പഴമൊഴിയിലെ പ്രാസം കൊള്ളാമെന്ന് കവി . നാരി നടിച്ചിടം നാരകം നട്ടി

ടം എന്ന പഴമൊഴിയാണ് ഉദാഹരിക്കുന്നത്. വളരരുത് രണ്ടും എന്ന് കരുതി വെട്ടിയൊതുക്കുന്നു. ഇരുനില വീടുകളും ഫ്ലാറ്റുകളും നിറയുന്ന ലോകത്ത് ഇത്തിരി ജീവശ്വാസം തരുന്ന ഈ ചെടിക്കിനി പുരയോളം വളരാനാകില്ല. നാരിയുടെ കാര്യമാണ് കഷ്ടം എന്ന് അടിവരയിട്ട് പറയുമ്പോൾ എത്രമേൽ പുരോഗതി പ്രാപിച്ചാലും എത്രമേൽ ലോക ഗതികൾ മാറിമറിഞ്ഞാലും കാലം മുന്നോട്ടു കുതിച്ചാലും സ്ത്രീകൾ ഇപ്പോഴും മറക്കുടക്കുള്ളിൽ ഒതുങ്ങി കഴിയേണ്ടവർ എന്ന വിശ്വാസം പുലർത്തുന്ന ഒരു ജനത, ഒരു സമൂഹം ഇപ്പോഴും ഇവിടെയുണ്ട് എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുകയാണവർ.

വലിയൊരു തൂവാല
കൊണ്ട് കണ്ണുപൊത്തുന്നുണ്ട് കാലം.

കണ്ണുപൊത്തിക്കളി എന്ന കവിതയിൽ പറയുന്നു മരണമേ സുല്ല്, സുല്ല്, നിന്റെ കൺകെട്ടിൽ മാഞ്ഞുപോയവരെല്ലാം നല്ല കളിക്കാരായിരുന്നു എന്ന്.

കൊച്ചു കൊച്ചു കവിതകളിലൂടെ ശ്രീനന്ദിനി പങ്കുവെക്കുന്ന ആശയങ്ങൾ , വിഷയങ്ങൾ വൈവിധ്യമാർന്നതും ഗൗരവമേറിയതുമാണ്. മതങ്ങൾ എത്രമേൽ മനുഷ്യരെ കീഴ്പ്പെടുത്തുന്നു എന്ന് കാബൂൾ എന്ന കവിത പറയുന്നു . കുഞ്ഞുണ്ടായി വെള്ളം തോർന്നാലുടൻ മതത്തോടുകൂടി വളർത്തി കാഴ്ചയുടെ നിറങ്ങൾ മായ്ക്കുന്നവർ പറഞ്ഞുറപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ അഗ്നിപർവ്വതങ്ങളാകുന്നു എന്നത് എത്ര വാസ്തവമാണ്.

റൊട്ടിയും ബോംബും
മാറും
വിശപ്പിൻ വഴികളിൽ അഫ്ഗാൻ
മരണപ്പെട്ട നാൾ.
പലായനത്തിന്റെ കിതപ്പിലും കുതിപ്പിലും
പ്രാന്തൻ ഉറുമ്പുകൾ
പരക്കം പായുന്ന
ലൈവ് കണ്ടുകണ്ട്
ഉണ്ട് നിറഞ്ഞ വയറുകൾ
ഛർദ്ദിച്ചുറങ്ങി.

യുദ്ധം കുഞ്ഞുങ്ങൾക്ക് ബാക്കി വെക്കുന്നത് സമാനതകളില്ലാത്ത പീഡകളാണ്. ഉള്ളിൽ നിന്നും പുകഞ്ഞാളി കുതിച്ചൊഴുകുന്ന തീച്ചോരയിൽ കരിഞ്ഞു വാടിയ കാബൂൾ മലനിരകൾ. മുഗൾ ചരിത്രത്തിന്റെ കലാപാരമ്പര്യമേറ്റവൾ. ബാബറിന്റെ ഇഷ്ടപുത്രിക്കിനി ഏതേതു മുൾപടർപ്പുകളാവാം



കാത്തുവെച്ചിരിക്കുന്നത് എന്ന ഓർമ്മയിൽ, അരുതുകളുടെ നിയമ പണ്ഡിതർ, പെണ്ണിനെ കാണുന്ന നിറമില്ലാത്ത മനസ്സുകൾ ദ്രവിച്ചുണങ്ങി പോകട്ടെ എന്ന് കവി നെഞ്ചുരുകി പറയുന്നു. ചുരുങ്ങി ചുരുങ്ങിയവസാനനീരും വറ്റിപ്പോയാലെങ്കിലും ഒരു കനൽ പായിക്കണേ ലോക നീതികളെ എന്ന് പ്രാർത്ഥിക്കുന്നു.

കണ്ടമാത്രയിൽ പ്രണയിക്കുന്നവൻ കാല്പനികതയുടെ ഒറ്റത്താക്കോൽ തുളയാൽ നിങ്ങളെ പൂട്ടിക്കളയുമെന്ന് കവി. പ്രണയവിസ്മയങ്ങൾ പൂവിളികളാകുമ്പോൾ ഓരോ കാൽവെപ്പുകളിലും മായാപ്രപഞ്ചം തീർത്തവനൊരു കുഴലൂത്തുകാരനാകും. അവനിൽ ആകർഷിക്കപ്പെട്ട് അവനു പുറകെ ഒടുവിലൊരു നിഗൂഢമായ താഴ്വരയിൽ 'എന്റെ സ്വാതന്ത്ര്യമേ' എന്നൊരു പിൻവിളി ഉയരുമ്പോഴേക്കും നടന്നു ദാഹിച്ച തൊണ്ടയിലേക്ക് ചോര നനവാർന്ന ഒരു കത്തി ചുംബിച്ചമർന്നിരിക്കും, എന്ന് കവി പ്രണയികളെ ഓർമിപ്പിക്കുന്നു. ഇരുട്ടു മുറിയിലെ പ്രണയം പൂച്ചയെക്കാൾ കലാപകാരിയെന്ന് ഒരു

ഓർമ്മപ്പെടുത്തൽ.

നവ സാങ്കേതിക മാധ്യമങ്ങൾ പ്രണയത്തിന്റെ ദൂതന്മാരാകുമ്പോൾ പ്രണയത്തിൽ നിറയുന്ന ഇരുട്ട് കാണാനാകാതെ പോകുന്ന പെൺകുട്ടികൾ നോവോർമ്മകളായി നമ്മുടെ മുന്നിൽ തന്നെയുണ്ടല്ലോ.

മഴക്കു പോലും മാറ്റങ്ങളാ ണത്രേ . പണ്ട് സ്കൂൾ വിട്ടു വരുന്ന കുട്ടികളുടെ മുഖമായിരുന്നു മഴയ്ക്ക്. സന്തോഷക്കാറ്റിൽ പെയ്തേറിയിരുന്നു തോരാമഴ. പിന്നീടത് അധികം സംസാരിക്കാത്ത ആധുനികന്റെ നിഗൂഢത പോലെ ചന്നംപിന്നം ചാറിപ്പോയി. പിന്നെ ഭൂമിയുടെ ഔദാര്യമായി ഉപേക്ഷിക്കപ്പെട്ടവരുടെ നിസ്സംഗതയിൽ ആവശ്യത്തിന് മാത്രം വന്നു പോയി . എന്നാൽ ഇപ്പോഴെന്തെന്നില്ലാത്ത ചൂടൻ വിസ്ഫോടനങ്ങൾ, മഴയൊരു തീവ്രവാദിയായി മാറിയത്രെ. മഴ സംസാരിച്ചുകൊണ്ടിരിക്കുകയാണെന്ന് കവി. എന്നാൽ നമ്മൾ ഇതു വല്ലതും അറിയുന്നുണ്ടോ?

അമ്മയായിരിക്കുക എന്നാൽ എത്രമാത്രം അഭിമാനകരം.

പെൺകുഞ്ഞുങ്ങളോട് കവി പറയുന്നത് സർവ്വശക്തയായി നിന്നു നീ ഇന്നിന്റെ പൊൻദളങ്ങളിൽ സംഗീതമാവുക.

'പെണ്ണ് , പെണ്ണെ'ന്നടക്കുന്ന വാളിന്റെ തുമ്പിനാലൊരു ലോകം ചമയ്ക്കുക എന്നാണ്.

ശ്രീനന്ദിനിയുടെ കവിതകൾ പെൺകുഞ്ഞുങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി സംസാരിക്കുന്നവയാണ്. അതുകൊണ്ടാണ് അവർ ചോദിക്കുന്നത് ഉറുമ്പിനെന്താ കൽക്കണ്ടം തിന്നാല് എന്ന്. ഉത്തരം പറയേണ്ടത് സമൂഹമാണ്.

കാക്കത്തൊള്ളായിരം മുറികൾ എന്ന കവിതയിൽ കവി വരഞ്ഞിടുന്നത് തന്നെത്തന്നെയാണ്. ഒരുപാട് മുറികളുള്ള ഒരു വീടാണ് തന്റേത് എന്ന് പറയുമ്പോൾ ആർക്കും എപ്പോൾ വേണമെങ്കിലും കയറിവരാവുന്ന ഇറങ്ങിപ്പോകാവുന്ന ഒരു വീടാണ് തന്റേത് എന്ന് പറയുമ്പോൾ ഒരു കാര്യം മാത്രമാണ് കവി ഓർമിപ്പിക്കുന്നത് ഈ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്. പക്ഷേ ഒരു മുറിയിലും എന്നെ പൂട്ടിയിട്ട് ഇറങ്ങിപ്പോകരുത് എന്നത് നിർബന്ധമാണ് എന്ന്

ശ്രീനന്ദിനിയുടെ കവിതകൾ ജീവാക്ഷരങ്ങളാണ്. അവ സ്നേഹത്തെ, വാത്സല്യത്തെ, പ്രണയത്തെ, അനുഭവിപ്പിക്കുന്നതോടൊപ്പം തന്നെ പൊള്ളുന്ന ജീവിത യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാണിച്ചു തരികയും ചെയ്യുന്നുണ്ട്. ഇരകളാക്കപ്പെടുന്നവരുടെ വേദനയും യുദ്ധനീതി അറിയാത്തവരുടെ കാപട്യവും ചതികളാൽ കലുഷിതമായ ലോകവും ഈ കവിതകളിൽ ഇതൾ വിരിയുന്നുണ്ട്. ഇരുട്ടിന്റെ ആഴങ്ങളിലേക്ക് ചവിട്ടിത്താഴ്ത്തപ്പെടുമ്പോൾ വിധിയെന്ന് കരുതി കീഴ്പ്പെടാതെ പൊരുതി നേടുകയാണ് വേണ്ടത് എന്ന് ഈ കവിതകൾ ഓർമ്മിപ്പിക്കുന്നു. കവിയുടെ സ്വത്വമാണ് ഈ കവിതകൾ . അക്ഷരങ്ങളായി, വാക്കുകളായി, വരികളായി ഒറ്റപ്പെടലിന്റെ ഏകാന്ത നിമിഷങ്ങളിലും സങ്കടച്ചുഴികളിലും നിഴൽ പോലെയത് കൂടെ നിൽക്കുന്നു. അതുകൊണ്ടാണ് കവി പറയുന്നത്

എന്നിൽ നിന്ന് എന്നെ ക്കുറിച്ചോർത്തു
വേവാത്തൊരെൻ ചിത്രമല്ലോ നിഴൽ രൂപ
മെന്നുമീയന്തർഗതങ്ങൾക്കുമപ്പുറം ജീവന്റെ
അന്തസ്സ് തെല്ലൊന്നുയർത്തും കൊടിപ്പടം ,
എന്നിൽ ഞാനുണ്ടെന്ന സത്യം പറഞ്ഞിടും
നിന്നെക്കാളേറെ എനിക്കാരുണ്ട് ഭൂമിയിൽ.

അങ്ങനെ നിഴൽ പോലുള്ള കവിതയെ കൂട്ടുപിടിച്ച് കൊലപ്പെടുത്താത്ത പ്രണയത്താൽ സ്നേഹത്താൽ വാത്സല്യത്താൽ ഈ ഭൂമിയിൽ വെളിച്ചം വിതറാൻ ശ്രീ നന്ദിനിക്ക് സാധിക്കട്ടെ. എന്തുകൊണ്ടോ ഈ കവിതകൾ വായിച്ചപ്പോൾ ഞാൻ നുജൂദിനെ ഓർത്തുപോയി നുജൂദിനെ ഓർമ്മയില്ലേ ഞാൻ നുജൂദ് , വയസ്സ് 10 , വിവാഹമോചിത. തന്റെ ആത്മകഥയിൽ നുജൂദ് ഒരു വീടിന്റെ ചിത്രം വരയ്ക്കുന്നുണ്ട്. നിറയെ വെളിച്ചമുള്ള നിറയെ ജാലകങ്ങളും വാതിലുകളും ഉള്ള ഒരു വീട്. പൊട്ടിച്ചിരിക്കുന്ന പെൺകുട്ടികൾ ഉള്ള വീട്. ഈ കവിതകളിലൂടെ ശ്രീനന്ദിനി പങ്കുവെക്കുന്ന സ്വപ്നവും അത് തന്നെയാണ്. വെളിച്ചം നിറയുന്ന ഒരു വീട്. വെളിച്ചം നിറയുന്ന ഒരു ലോകം. എല്ലാവരും സന്തോഷത്തോടെയിരിക്കുന്ന ഒരു കാലം. പെൺകുട്ടികൾ ഹൃദയം നിറഞ്ഞ് ചിരിക്കുന്ന ഒരു കാലം.

# ബിദൂനി

## (കവിതകൾ)

## ബഷീർ മുളിവയൽ

രമേഷ് പെരുമ്പിലാവ്

ഏതാണ്ട് 175 വർഷങ്ങൾക്ക് മുമ്പ്, 'കവിതയുടെ പ്രതിരോധം' എന്ന കൃതിയിൽ, 'കവികൾ ലോകത്തിലെ അംഗീകരിക്കപ്പെടാത്ത നിയമനിർമ്മാതാക്കളാണ്' എന്ന് പെർസി ബിഷ് ഷെല്ലി പറഞ്ഞിട്ടുണ്ട്. പിന്നീടുള്ള വർഷങ്ങളിൽ, പല കവികളും ആ വേഷം ഹൃദയത്തോട് ചേർത്തിട്ടുണ്ട് ഇക്കാലംവരെ.

അവർ കലാപകാരികളും പ്രതിഷേധക്കാരും വിപ്ലവകാരികളും അതെ, ചിലപ്പോൾ നിയമനിർമ്മാതാക്കളുമാണ്. കവികൾ അന്നന്നത്തെ സംഭവങ്ങളെക്കുറിച്ച് അഭിപ്രായം പറഞ്ഞു, അടിച്ചമർത്തപ്പെട്ടവർക്കും അധഃസ്ഥിതർക്കും, അനശ്വരരായ കലാപകാരികൾക്കും ശബ്ദം നൽകി, സാമൂഹിക മാറ്റത്തിനായി പ്രചാരണം നടത്തി.

പ്രതിരോധ കവിതയുടെ ഈ നദിയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ പ്രതിഷേധത്തെയും വിപ്ലവത്തെയും കുറിച്ചുള്ള ക്ലാസിക് കവിതകളുടെ ഒരു ശേഖരം നമുക്ക് കണ്ടെത്താൻ കഴിയും.

തിരഞ്ഞെടുത്ത വിഷയങ്ങളുടെ വിശകലനങ്ങളിലൂടെയും നൂതനമായ സർഗ്ഗാത്മക രചനകളിലൂടെയും പൊതുവായി അവഗണിക്കപ്പെടുന്നതോ ഇതുവരെ പൂർണ്ണമായി പര്യവേക്ഷണം ചെയ്യപ്പെടാത്തതോ ആയ പ്രധാനപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുമ്പോഴാണ് എഴുത്തുകാർ, കവികൾ വിപ്ലവകാരികളായി ത്തീരുന്നത്.




സൈനിക വിപ്ലവങ്ങളിൽ നിന്ന് വ്യത്യസ്തമായി സാംസ്കാരിക വിപ്ലവങ്ങൾ വിജയകരമായി അടിച്ചേൽപ്പിക്കാൻ കഴിയില്ല, മറിച്ച് പങ്കിട്ട അനുഭവത്തിന്റെ മണ്ണിൽ നിന്നവ വളരണം. വിപ്ലവങ്ങൾ ജനങ്ങളുടെ ഹൃദയത്തിന്റെ പ്രകടനങ്ങളാണ്; പുതിയ സംവേദനങ്ങളിൽ നിന്നും അനുഭവ സമ്പത്തിൽ നിന്നും അവർ ക്രമേണ വളരുന്നു.

അങ്ങനെ നടപ്പു കാലത്തോട് കലഹിച്ചു കൊണ്ട് ഒരു കവിയ്ക്ക് എഴുത്തുകാരന് തന്റെ സർഗ്ഗശേഷി

വിനിയോഗിക്കാൻ കഴിയുമ്പോഴാണ് :-

കർഷകനെ വരക്കുമ്പോൾ
കണ്ണുകൾക്ക് പകരം
രണ്ടു തീപ്പന്തങ്ങൾ വരയ്ക്കണം
ജീവിക്കാൻ വേണ്ടി ഭൂമിയോടും
ഭരണകർത്താക്കളോടും
യുദ്ധം ചെയ്യേണ്ടി വരുന്നവർക്ക്
യോദ്ധാക്കളുടെ ശരീരഭാഷ
നൽകുന്നതായിരിക്കും നല്ലത്.

കർഷകനെ വരയ്ക്കുമ്പോൾ എന്ന കവിതയിൽ ഇങ്ങനെ പ്രതിഷേധിക്കാൻ കഴിയുന്നത്. വർത്തമാനകാലത്തോടുള്ള പോരാട്ടം ഉള്ളിൽ അലയടിക്കുന്നതുകൊണ്ടാണ്.

ബിദൂനി എന്ന തന്റെ കവിതാപുസ്തകവുമായി ബഷീർ മൂളിവയൽ
വായനയിലേക്ക് കയറിക്കൂടുന്നത് ഇത്തരം കലഹങ്ങളിലൂടെയാണ്.

'അവളുടെ അടുക്കളയ്ക്ക്
ആകാശത്തോളം ചുമരുകൾ
കുഴിമാടത്തോളം ഇടുക്കം'
എന്ന് ഏറ്റവും മികച്ച ഫെമിനിസ്റ്റ് കവിതയെഴുതി വെയ്ക്കുന്നുണ്ട്, ടെന്നീസ് എന്ന കവിതയിൽ.

റാക്കറ്റുമായി പുൽമൈതാനത്തിറങ്ങി
തന്നെ പരിഹസിച്ചും അവഗണിച്ചും
ഉരുണ്ടു വരുന്ന വീടിനെ
മിന്നൽ വേഗത്തിൽ എങ്ങോട്ടൊക്കെയോ
അവൾ അടിച്ചു തെറുപ്പിച്ചു.

വീട്ടുകാരി.. അടങ്ങിയൊതുങ്ങി.. വീട്ടിൽ മാത്രം... എന്ന തരംതിരിവിനെയാണ്, അവൾ ടെന്നീസ് ബോൾ പോലെ എയ്തു വിടുന്നത്.

മതം തലക്ക് പിടിച്ച് മനുഷ്യൻ
മൃഗങ്ങളെയും പൂവിനെയും
നിറങ്ങളെയും, പ്രകൃതിയെയും
കലയേയും സാഹിത്യത്തെയും
ഭക്ഷണത്തെയും വീതം വെച്ചു.
എന്ന് ബഷീർ വീതംവെപ്പ് എന്ന കവിതയിലൂടെ പറയുന്നതും നടപ്പു കാലത്തോടുള്ള പ്രതിഷേധമാണ്. ഫാസിസമെങ്ങനെയാണ് നിങ്ങളുടെ സ്വാതന്ത്ര്യത്തിലേക്ക്, ഭക്ഷണത്തിലേക്ക് കടന്നു കയറുന്നുവെന്നതിനെ കുറിച്ചാണ്.

മരുക്കപ്പൽ എന്ന കവിത ബഷീറിന്റെ ഏറ്റവും നല്ല കവിതയെന്ന് തോന്നി വായനയിൽ. മനുഷ്യനൊരു മൃഗശാലയാണ്
എത്ര മൃഗങ്ങളാണൊരാളിൽ
കിടന്നുറങ്ങുന്നത്

എന്ന ആദ്യ മൂന്ന് വരിയിൽ തന്നെ ആ കവിത പ്രതിനിധാനം ചെയ്യുന്ന വിഷയം കൃത്യമായി അടിവരയിടുന്നുണ്ട്. അവസാന വരിയിൽ എത്തിച്ചേരുമ്പോൾ കവി ജീവിക്കുന്ന ഭൂമികയും കടന്നു വരുന്നു.

ജീവിതത്തിൽ സംഭവിക്കുന്ന താളപ്പിഴകളെ അക്ഷരത്തെറ്റ് എന്ന കവിതയിൽ കവി എഴുതി വെയ്ക്കുന്നത് എത്ര കൃത്യതയോടെയാണ് എന്ന് വായിക്കൂ.

വീട് എന്ന് വായിക്കേണ്ടിടത്ത്
കാട് എന്ന് വായിച്ച കുട്ടിയെ
തിരുത്താൻ എളുപ്പമല്ല.
കേൾക്കുമ്പോൾ അക്ഷരത്തെറ്റെന്ന് തോന്നാമെങ്കിലും ശ്രദ്ധിച്ചാലറിയാം
തെറ്റിപ്പോയ ജീവിതമാണവൾ വായിക്കുന്നത്.

വീട് ഒരു ലോകമാണ്
അടുക്കളയും വരാന്തയും
അതിലെ രണ്ടു രാജ്യങ്ങളും
എന്ന് തുടങ്ങുന്ന നയതന്ത്രം എന്ന കവിതയിൽ,
അടുക്കളയിൽ നിന്ന്
ആളിക്കത്തിയ ഒരു തീപ്പൊരി മതി
വീട് മുഴുവൻ കത്തിച്ചാമ്പലാകാൻ
എന്ന് വീടിനെ ലോകമാക്കുന്ന കവിതയിൽ അടുക്കളയുടെ പ്രാധാന്യത്തെ കുറിച്ച് തന്നെയാണ് കവി അടയാളപ്പെടുത്തുന്നത്.

നീണ്ട മണി മുഴങ്ങിയതും
പുസ്തകം തെരികയാക്കി

വീടെടുത്തു തലയിൽ വെച്ച്
കുട്ടികൾ ഊരിലേക്കോടിപ്പോയി.
പൊര എന്നാൽ വീട്

എന്ന കവിത എത്ര മനോഹരമായാണ് കാടിനടുത്തുള്ള കുട്ടികളുടെ പള്ളിക്കൂടത്തെ ആവിഷ്ക്കരിക്കുന്നത്. സുന്ദരമായ ഒരു കവിതയാണത്.

കവിതയിൽ പ്രകൃതിയെ ജീവജാലങ്ങളെ പൂവിനെ പൂമ്പാറ്റകളെ ഒരു പ്രധാന സാന്നിദ്ധ്യമായി കൊണ്ടുവരുന്ന പ്രവണത ബഷീർ കവിതകളുടെ ഒരു പ്രത്യേകതയായി തോന്നാം. മനുഷ്യരെ പോലെ തന്നെ മരങ്ങളും പൂക്കളും പൂമ്പാറ്റകളും കവിതകളിൽ നിരന്തരം കടന്നു വരുന്നു.

വിദ്യാർത്ഥികളെ പൂവിന്റെ പേരിട്ട് വിളിക്കുന്ന അദ്ധ്യാപകനെ തേടി, കുട്ടികൾ ചെല്ലുമ്പോൾ അദ്ധ്യാപകനൊരു ചിത്രശലഭമായി പറന്നു കൊണ്ടിരുന്നുവെന്നും, പൂവെന്ന് കരുതി ഒരു ചിത്രശലഭം പറന്നിരിക്കാൻ എന്നെ ഞാനെത്ര മാത്രം നിർമ്മലമാക്കണമെന്നുമൊക്കെ വായിക്കാം. മണ്ണിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നതിനീ പ്രകൃതം തന്നെയാണ് തെളിവ് എന്ന് മറ്റൊരിടത്ത് കവി പറയുന്നു.

മരഭൂമിയിൽ നിറയെ മരങ്ങൾ വരച്ചു ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ തണലും തണുപ്പും നിറയ്ക്കുക എന്ന് ചിത്രകാരനോട് ആവശ്യപ്പെടുന്നതും ഈ കവി തന്നെയാണ്.

മരാനുരാഗം എന്ന കവിതയിൽ മരത്തോട് പ്രണയം തോന്നുന്നുമുണ്ട് കവിക്ക്.

സന്താനഭാഗ്യമില്ലാത്ത വൃദ്ധ ദമ്പതികൾ വീട് നിറയെ ചെടികൾ നട്ടു തുടങ്ങിയതും പൂക്കൾ കൊണ്ട് യുദ്ധം ചെയ്യുന്നവരും ബഷീർ കവിതകളിൽ കണ്ടെടുക്കാം. മരങ്ങൾക്ക് മനുഷ്യരെ പോലെ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള വരം ലഭിച്ച കവിതയും മരരാഷ്ട്രം എന്ന ശീർഷകത്തിലുണ്ട്.

മൃഗങ്ങളും പക്ഷികളും മരങ്ങളും സംസാരിക്കുന്നുണ്ട് അവയുടെ ഭാഷ അറിയാത്തതുകൊണ്ട് നമുക്കത് മനസ്സിലാക്കുന്നില്ലായെന്നും

പല നിറപ്പക്ഷികളും,
മനോഹരമായി പുഞ്ചിരിക്കുന്നെ
മനുഷ്യരുമുള്ള ഒരു ലോകം

കവി സ്വപ്നം കാണുന്നുണ്ടെന്നും കവിതകളിൽ പലപ്പോഴായി നമുക്ക് കണ്ടു കിട്ടും.

പുസ്തകങ്ങളുടെ തടവറ എന്ന കവിത പറയുന്നത്. പുസ്തകങ്ങളെ വാങ്ങിക്കാൻ മാത്രമുള്ളതാക്കിയ അവഗണനയെ കുറിച്ചാണ്. വായന നഷ്ടപ്പെടുന്ന പുസ്തകങ്ങളുടെ തടവുകാലത്തെക്കുറിച്ചാണ്.

കുറ്റവാളികളെ കുത്തിനിറച്ചു
പോകുന്ന പോലീസ് വണ്ടി പോലൊരു
ട്രോളി നിറയെ പുസ്തകങ്ങൾ
കുത്തിനിറച്ചുകൊണ്ട് പോകുന്നു.
ഏത് തടവറയിലെ അന്തേവാസികളാകാനാകും
ഈ പുസ്തകങ്ങളുടെ
വിധിയെന്നൊരാലോചനയെനിലുണരുന്നു.

പ്രതിഷേധങ്ങളിലും റാലികളിലും ഇക്കാലം കടന്നു വരുന്ന സാഹിത്യമാണ് കവിത. പൗരാവകാശങ്ങളും സ്ത്രീകളുടെ വിമോചന പ്രസ്ഥാനങ്ങളും മുതൽ ഒരു നഗര ചത്വരത്തിൽ ജനക്കൂട്ടത്തെ ഒന്നിപ്പിക്കാനും സോഷ്യൽ മീഡിയയിൽ ശ്രദ്ധ ആവശ്യപ്പെടാൻ കഴിയുന്നത്ര ഒച്ചയുണ്ടാക്കാനും കവിതയ്ക്ക് വേണ്ടത്ര കൽപ്പനയുണ്ട്. അധികാരത്തോട് സത്യം പറയുക എന്നത് കവിയുടെ നിർണായകമായ ഒരു റോളാണ്. തന്റെ മുന്നിലെ ഫെയ്സ് ബുക്ക് എന്ന മീഡിയത്തിലൂടെ മനസ്സിൽ അസ്വസ്ഥതയുണ്ടാക്കുന്ന ദൈനംദിന പ്രശ്നങ്ങളിൽ എഴുത്തായി, കവിതയായി വരുന്ന ബഷീർ മുളിവയലിന്റെ സ്ഥാനം തീർച്ചയായും പ്രതിഷേധ കവികളുടെ കൂട്ടത്തിൽ തന്നെയാണ്. അംഗീകരിക്കപ്പെടാത്ത നിയമനിർമ്മാതാക്കളിൽ ഒരാളായിത്തന്നെയാണ്.

# മുഹമ്മദ് അബ്ബാസ് ജീവിതം ഓർമ്മിക്കുമ്പോൾ...




കെ.സന്തോഷ്

മുഹമ്മദ് അബ്ബാസ് എന്ന എഴുത്തുകാരനേക്കാൾ എനിക്ക് പരിചയം,മുഹമ്മദ് അബ്ബാസ് എന്ന വായനക്കാരനെയാണ്.അദ്ദേഹം സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കാറുള്ള പുസ്തകാനുഭവ ളാണ്. പാവങ്ങളെക്കുറിച്ചും മറ്റും എഴുതിയ ചെറുതെങ്കിലും മനോഹരമായ കുറിപ്പുകൾ!..

വിശപ്പ് പ്രണയം ഉന്മാദം മുഹമ്മദ് അബ്ബാസിന്റെ ഏറ്റവും പുതിയ പുസ്തകമാണ് (ഓർമ്മകൾ )

ഏതാണ്ട് നൂറ്റിതൊണ്ണൂറോളം പേജുകളിലായി മുപ്പത്തിയേഴ് അദ്ധ്യായങ്ങളിൽ വെള്ളയിൽ കറുപ്പിൽ അദ്ദേഹം കുറിച്ചിട്ടിട്ടുള്ളത് ജീവിതത്തിന്റെ സഹസ്ര മുഖങ്ങളാണ്. അവ ഒരേ സമയം വായനക്കാരനെ വേദനിപ്പിക്കുകയും, ആശ്വസിപ്പിക്കുകയും ഭ്രാന്ത് പിടിപ്പിക്കുകയും ചെയ്യുന്നു.ചിലത് പൊള്ളിക്കുകയും.അത്തരത്തിലൊന്നാണ് 'ഇതും ഞാൻ തന്നെ' എന്ന ചെറിയ കുറിപ്പ്.

ലോക്ഡൗൺ സമയത്തെ നോമ്പ് കാലമാണ്. ദാരിദ്ര്യം അതിന്റെ ഏറ്റവും ഭീകരമായ മുഖം പുറത്തെടുത്ത ഘട്ടം. കൈയ്യിൽ ആകെയുണ്ടായിരുന്ന ഇരുപത് രൂപയുമായി കുടുംബത്തെ എങ്ങനെ പോറ്റുമെന്നറിയാതെ ലക്ഷ്യമില്ലാതെ നടന്നപ്പോൾ, അതാ കഥാനായകന്റെ മുന്നിൽ കിടക്കുന്നു പടച്ചവന്റെ സമ്മാനം പോലെ (അതോ പിശാചിന്റെ പരീക്ഷണമോ) ഇരുന്നൂറ് രൂപ! വൈകാതെ തന്നെ എഴുത്തുകാരൻ മന



സ്സിലാക്കുന്നു, ആ രൂപയുടെ അവകാശി പൊരിവെയിലിൽ നടന്നുപോകുന്ന ഒരു പെൺകുട്ടിയാണെന്ന്. ഏതാണ്ട് എഴുത്തുകാരന്റെ മകളുടെ അതേ പ്രായം. കടയിലെത്തിയ പെൺകുട്ടി തിരിച്ചറിയുന്നു ആകെയുണ്ടായിരുന്ന പൈസ കളഞ്ഞു പോയിരിക്കുന്നു എന്ന്. കരഞ്ഞുകൊണ്ട് വീട്ടിലേക്ക് പാഞ്ഞ പെൺകുട്ടി,അതിലും ഉച്ചത്തിൽ നിലവിളിച്ചു പെട്ടെന്ന് തിരികെ വരുന്നു. അവളുടെ പിറകിൽ വടിയും തെറിയുമായി അവളുടെ അമ്മയുമുണ്ട്.എല്ലാത്തിനും മൂകസാക്ഷിയായി എഴുത്തുകാരനും.ഒരു ദസ്തോയോവിസ്കി കഥാ സന്ദർഭം പോലെ.



ഏത് കഥയേക്കാളും വലുതാണല്ലോ ജീവിതം എന്ന വലിയ കഥ.

ഉപ്പ ഏറ്റെടുത്ത ഗർഭം എന്ന അദ്ധ്യായവും പറയുന്നത് മറ്റൊന്നല്ല.

മകളുടെ ഗർഭത്തിന് ഉത്തരവാദിയായ ആ പിതാവിനോട് നമ്മൾക്ക് ക്ഷമിക്കാൻ കഴിയില്ല, അയാൾ വെറുക്കപ്പേടേണ്ടവൻ തന്നെ. നാട്ടുകമ്മിറ്റിയിലും പള്ളിക്കമ്മിറ്റിയിലും ആ മനുഷ്യൻ കുറ്റം ഏറ്റുപറഞ്ഞതാണല്ലോ. ഒടുവിൽ നാണക്കേടുകൊണ്ട് അവർ ആ ഗ്രാമം വിടുന്നു. ഒടുവിൽ അവളുടെ ഗർഭം അലസിപ്പിച്ചുവെന്നും പെൺകുട്ടിയെ ഒരാൾക്ക് വിവാഹം ചെയ്തു കൊടുത്തു എന്നും നമ്മളറിയുന്നു. എന്നാൽ യഥാർത്ഥ കാര്യങ്ങൾ നമ്മളറിയാനിരിക്കുന്നതേയുണ്ടായിരുന്നുള്ളു.

ആ വെറുക്കപ്പെട്ട മനുഷ്യൻ ഗ്രാമത്തിലേക്ക് തിരികെ വരുന്നു. പിറ്റേന്ന് ലോകമറിയുന്നത് അയാളുടെ മരണവാർത്തയാണ്. ഒപ്പം മറ്റുചില രഹസ്യങ്ങളും. അവ സമൂഹത്തിൽ മാന്യതയുടെ വേഷം കെട്ടിയാടുന്ന ജന്മങ്ങളുടെ പൊയ്മുഖങ്ങളാണ്.

ഇതുപോലെ എത്രയെത്ര ജീവിതങ്ങളാണ് ഈ പുസ്തകത്തിൽ വായനക്കാരനെ കാത്തിരിക്കുന്നത്.

ഉടൽവിശപ്പുകളും, വടി കുത്തിയ കാമവും, ചെള്ളിത്താത്തയും അതിൽ ചിലത് മാത്രം.

വായനക്കാർ ചിലപ്പോഴെങ്കിലും മനസ് വേദനിച്ച് പുസ്തകം താഴ്ത്തി വെയ്ക്കേണ്ടിവരും. പക്ഷെ, കണ്ണടച്ചാലും കാഴ്ചകൾ അവസാനിക്കാത്തതുപോലെ അവ നമ്മെ പിൻതുടരുന്നു.

സർഗ്ഗാത്മഗത നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിക്ക് രണ്ടു വഴികളാണ് ഈ ലോകം വിധിച്ചിട്ടുളളത്. ഒന്ന് ഭ്രാന്താലയവും മറ്റൊന്ന് കലാലോകവും കൂടുതൽ പേരും രണ്ടാമത്തെ വഴി മാത്രം തിരഞ്ഞെടുത്ത് സഞ്ചരിക്കുന്നു. വൈക്കം മുഹമ്മദ് ബഷീറിനെപ്പോലെ, ഡച്ച്ചിത്രകാരൻ വാൻഗോഗിനെപ്പോലെ ചിലർ മാത്രം രണ്ടു ലോകങ്ങളിലേക്കും സഞ്ചരിച്ച്, അവരുടെ യാത്ര സാർത്ഥകമാക്കുന്നു.

മുഹമ്മദ് അബ്ബാസിനും ഈ രണ്ടു ലോകങ്ങളും പരിചിതമാണ്.

ഭാഗ്യവാൻ!

ഈ പുസ്തകത്തിലൂടെ കടന്നു പോകുമ്പോൾ, അപൂർവ്വമായി ചിലപ്പോഴെങ്കിലും നമ്മളും അത്തരം ചില ഭാഗ്യത്തിന് ഉടമകളാകുന്നു. ഭയമുള്ളവർക്ക് മടങ്ങിപ്പോകാം.

ഒരിക്കൽ മലയാളം എഴുതാനറിയാതെ വേരറ്റുവന്ന ഈ എഴുത്തുകാരൻ, വഴിതെറ്റി അലയുന്ന ഒരു കുട്ടിയാണ്. ആ വിരലുകൾ നിങ്ങളെ എവിടേക്കും വേണമെങ്കിലും നയിക്കാം... ●



# കവി, കാമുകൻ



ശ്രീജ വിജയൻ

വിഷാദപ്പെയ്ത്തിന്റെ -
കരിനീല വഴികളിൽ
നിലാവിസ്മയത്തിൽ
ഏകനായിരുന്നു നീ.

രാവിൻ നേർത്ത നിശ്വാസത്തിൽ
നിലാവുംമഴയും ഒന്നിക്കുമ്പോൾ
വാക്കുകളാൽ ബലിയിട്ട്
പെയ്തൊലിക്കുകയായിരുന്നു .

ശേഷിക്കുന്ന ഓർമകളും
മുറിവേറ്റ മനസും
തർപ്പണത്തിലും
തുടിക്കുകയായിരുന്നു.
ഓരോ മുങ്ങിനിവരിലിലും
ഓർമകൾ കലങ്ങി
പുഴ നിറയ്ക്കുകയായിരുന്നു.
സ്വർഗം തേടി
നരകത്തിലെത്തിയവന്റെ
മുഖഭാവമായിരുന്നു നിനക്ക്.
സമയ ബോധത്തെ
പിന്നിലാക്കി കഴിഞ്ഞ കാലം
തഴയ്ക്കുകയായിരുന്നു.


വമ്പൻ തിരകളും
അടിയൊഴുക്കുമില്ലാതൊഴുകുന്ന
പ്രവാഹമാണീയുള്ളം
വിടരുന്ന മാതള മലരുകൾ,
പൂത്തു കിടക്കുന്ന സൗഗന്ധികങ്ങൾ.

സ്നേഹം,
പ്രണയം
എത്രമേൽ ലാളിച്ചിട്ടും
ഇണങ്ങാത്ത തത്ത,
പടർത്താൻ ശ്രമിച്ചിട്ടും
മരമുപേക്ഷിച്ചു പോകുന്ന
കാച്ചിൽ വള്ളി.
തുളച്ചുകയറുന്ന
ആഴമേറുന്ന ശൂന്യത.

വെയിലിന്റെ ഭാവപകർച്ചകൾ,
നിശബ്ദത ഉയർത്തുന്ന ചോദ്യങ്ങൾ,
ജീവിക്കാതെ പോയ
ജീവിതം തിരയുകയാണ്.
അടർന്നുവീണ ഇലകളിൽ
വസന്തത്തിന്റെ മഞ്ഞഛവി
നിറച്ച പോലെ.

ആവർത്തനത്തിൽ ഭംഗിയേറും
പൂക്കൾ പോലെ.
വാക്കുകളിൽ,
കാഴ്ചകളിൽ,
കാലമൊരുക്കിയ,
നിറക്കൂട്ടുകളായി -
നിറഞ്ഞതല്ലീ ,
പ്രണയം
വിരഹം
മുങ്ങി, യോരം ചേർന്നു
നീന്തിയീ സാഗരസംഗമത്തിൽ
ലയിച്ചിടേണം
വാക്കു കോർത്ത മധുമാരിയായ്.

# മുലച്ചി





സബിത രാജ്

കുഞ്ഞുപെറ്റിക്കോട്ടിനുള്ളിൽ
വലിപ്പം വെച്ച മുലകളെ ഒളിപ്പിക്കാൻ
കഷ്ടപ്പെട്ട കൗമാരത്തെ
ഓർത്തുപോകുന്നു.

അതിന്റെ പേരിൽ ഉപേക്ഷിച്ച
ഏറ്റവും പ്രിയപ്പെട്ട ഉടുപ്പിനെ
ഇന്നും കൊതിയോടെ ഓർക്കാറുണ്ട്.

ബ്രായെന്ന വസ്ത്രത്തെ ശരീരം ആദ്യമായി
സ്വന്തമാക്കിയതും അതേ കൗമാരത്തിൽ
തന്നെ!

ശ്വാസം വിടാൻ അനുവദിക്കാതെ
മുലകളെ പൊതിഞ്ഞ് കെട്ടി തുടങ്ങിയത്
അന്നുമുതലാണ്.

എല്ലാ പെണ്ണുടലുകളും മുലകൾക്ക് മാത്രം
ഒരു പ്രത്യേകതരം കരുതല് കൊടുക്കാറുണ്ട്.

ശാരീരിക വടിവിനും ഭംഗിയ്ക്കും അപ്പുറം
മുലകളെ സ്ത്രീകൾ അതീവമായി
സ്നേഹിച്ച് പോകാറുണ്ട്.

പക്ഷെ എത്രയെത്ര തുറിച്ചുനോട്ടങ്ങൾ...
ശരീരം കാർന്ന് ചോരകുടിയ്ക്കുന്ന
മനുഷ്യരെ കണ്ട മുലകൾ
ഉൾവലിയാനാകുമായിരുന്നെങ്കിൽ
എന്നേ തോടിനുള്ളിലേയ്ക്ക് തലവലിക്കുന്ന
ആമയെപോൽ ഉൾവലിഞ്ഞേനെ.

യൗവനത്തിന്റെ ആരംഭത്തിലെ
മുലകളിലേക്ക് ചേക്കേറിയ ചേലത്തുണ്ട്
പലയാവർത്തി അടർത്തി മാറ്റാൻ
ശ്രമിച്ച നോട്ടങ്ങളുണ്ട്.

മുഖം നോക്കി സംസാരിക്കാൻ മടിയുള്ളവന്റെ
നോട്ടം നെഞ്ചിലേക്ക് തറച്ചതും,
വഷളച്ചിരിയോടെ അവൻ സംസാരം തുടർന്നതും
തൊണ്ട വരണ്ടു അവന്റെ മുന്നിൽ നിന്നും
വിയർത്തതും ഓർക്കുമ്പോൾ
മുലകളിൽ നിന്നൊരു നിലവിളി ഉയരും
'നിങ്ങൾ എന്നെ
വെറുതെ വിടൂ...'
എന്നവർ കേഴുന്നതായി തോന്നും.

തിരക്കിട്ട ബസ്സിന്റെ യാത്രയിലെപ്പോഴോ
അജ്ഞാതമായൊരുവന്റെ
കൈകൾ മുലകളിലേക്ക് അമർന്നതും



മുഖം കാണിക്കാതെ തിരക്കിലേക്ക് പോയ
ആ ഒരുവനെ ഇന്നും കണ്ണുകൾ
ഭീതിയോടെ എല്ലാ ആൾക്കൂട്ടങ്ങളിലും തേടും.

എല്ലാ ആൾകൂട്ടങ്ങളും അതേ ഭീതിയെ ഓർമ്മപ്പെടുത്തും.
ഏതു നിമിഷവും ആരാലോ ആക്രമിക്കപ്പെടുമെന്ന്
ഭയക്കുന്ന
ഒരു രാജ്യമാണ് മുലകളെന്ന് തോന്നും.
അപ്പോൾ ശരീരത്തിരുന്ന് മുലകൾ ഉറക്കെ
നിലവിളികൂട്ടുന്നതായി തോന്നും.

രതിയുടെ ഉന്മാദങ്ങളിൽ അവൾക്കായി അവ കുറുകും ...
സ്നേഹത്തിന്റെ അമൃത് പേറി
ഹൃദയം നിറഞ്ഞ് ഒരുവനത് സമ്മാനിക്കുമ്പോൾ
അവളുടെ മനസ്സും ശരീരവും നിറഞ്ഞിരിക്കും.
അവളുടെ അഴകളവുകളെ അവനല്ലാതെ
മറ്റാർക്കാണ് അവ പങ്ക് വെയ്ക്കുക.

പേറ് കഴിഞ്ഞ പെണ്ണിന്റെ മുലകൾ
കുഞ്ഞിന് ജീവനേകുമ്പോൾ
മുലക്കണ്ണ്  പൊട്ടിയൊലിച്ച ചോരയും
പഴുപ്പും കണ്ടവൾ എത്ര തവണ
തന്റെ മുലകളെ പഴിച്ചിട്ടുണ്ട്.
വേദനതിന്ന് കൊണ്ട് തന്നെ
കുഞ്ഞിന് വീണ്ടും അമൃതേകിയിട്ടുണ്ട്.

പ്രായമാവും തോറും വളർച്ച മാറി
എത്ര തവണ അവ വലുതും ചെറുതുമായി
മനസ്സിനെ പറ്റിച്ചിട്ടുണ്ട്?
വാർധക്യത്തിന്റെ അവസാനങ്ങളിലേക്ക്
കടന്ന് മുലകൾ തൊലിചുളുങ്ങി ഉണങ്ങി
ശരീരമൊട്ടി ശൂന്യമായി കിടന്നിട്ടുണ്ട്.

മുലകളെ .. നിങ്ങൾ എത്ര ചരിത്രങ്ങളിൽ
ഇടം പിടിച്ചു?
എത്ര സമരങ്ങളിൽ നിങ്ങൾ ചർച്ചയായി?

എന്നിട്ടും വിടാതെ പിന്തുടരുന്നൊരു
ജാലവിദ്യ പെണ്ണിന്റെ മുലകളിൽ തൂങ്ങി
ജീവൻ കൈയ്യിലെടുത്ത്
അവളുടെ മുഖത്ത് നോക്കി ചിരിക്കുന്നു.
ലോകം അവളെ വിളിക്കുന്നു
മുലച്ചി!

# ഏഴാമറിവ്

കവിത



രാജൻ സി എച്ച്

മനസ്സിലൊരാളുണ്ട്
മരിച്ചു കിടക്കുന്നു,
അറിവീലയാളെ ഞാൻ.

മുഖത്തുറ്റു നോക്കുമ്പോ-
ളുണ്ടതിലെന്റെ കണ്ണുകൾ.
കാതടുപ്പിച്ചു കേൾക്കുമ്പോ-
ളുണ്ടാതിലെന്റെ കാതുകൾ.
കരം നീട്ടിത്തൊടുമ്പോഴോ
എന്നെ ഞാൻ തൊടുന്നതായ്.
കാൽനീട്ടിക്കിടക്കുന്നു-
ണ്ടെന്റെ കാലുകളായത്.
മനസ്സെങ്ങെന്നു ചിന്തിക്കെ
മരിച്ചുകിടപ്പതിൽ
മിഴിച്ചു കിടപ്പതായ്.

മനസ്സിലൊരാളുണ്ട്
മനസ്സായ്
മരിച്ചോരാൾ.

അറിയുമെന്നായ്
അയാളെ
ഞാൻ.



# അഹല്യ

## (ഗൗതമ വിലാപം.)



ശിലയിലെഴുതിയ ഉണ്മതൻ പൊരുളേ,
എവിടെ നിന്നെ ഞാൻ വായിച്ചിടേണ്ടു.
ഒരു നിമിഷാർദ്ധമന്ധമായ് പോയൊരെൻ
ചപലചിന്തയിൽ കണ്ടീല നിന്നെ.

അറിയുമാത്മാവ് പോലും
ചതിച്ചു പോയ്
എവിടെ ഞാൻ പോയൊടുക്കുമെൻ പാപം.

വൃണിതമാണെന്റെ മാനസം മൽ സഖീ ,
വന്നു കുമ്പിടുന്നുണ്ട് നിൻ പാദങ്ങൾ
അറിവു ലോകവും പൂ പോൽ പവിത്ര നീ
ദേവനീതിതൻ കൈയ്യിൽ കരുക്കൾ നാം.

വിധിയിലല്ലോ
പകച്ചു നാം നിൽപ്പതും
വിധി വശാൽ ജന്മ ജന്മാന്തരങ്ങളും.

കടലു പോലും കരിഞ്ഞതിൽ പോയിടാം
വഴി മറന്ന പോൽ നിന്നിടാം കാറ്റുകൾ.
കനിവ് ക്രൗര്യമായ് മാറിടാം കാട്ടു -
മുയലുകൾ ചെന്ന് കൊന്നിടാം നരികളെ.

നെറുകിലാരോ
വരയ്ക്കുന്ന മായ്ക്കുന്ന
വരകളല്ലേ നാം കാണുന്നതൊക്കെയും.

ഇവിടെ ഈ പർണ്ണശാലയിൽ എൻ പ്രാണൻ
കറുക പോലെരിയട്ടെ ഹോമാഗ്നിയിൽ.
യാഗ പുണ്യങ്ങളൊക്കെയൊലിച്ചു പോയ്
ശാപമേഘങ്ങൾ വന്നെന്നെ മൂടട്ടെ.

തളിരിടുന്നില്ല
പുൽനാമ്പു പോലും.
അകലെ അകലെയാണെൻ ശാന്തി തീരം.

ശിലയിലെഴുതിയൊരുണ്മതൻ പൊരുളേ,
ഇവിടെ നിന്നെയും കാത്തിരിക്കട്ടെ ഞാൻ.
ലോക രക്ഷാർത്ഥമായ് വരും ദേവന്റെ
നാമമെന്നെന്നും ഭജിച്ചിരിക്കട്ടെ ഞാൻ.

ശിലയിലെഴുതിയ ഉണ്മതൻ പൊരുളേ,
എവിടെ നിന്നെ ഞാൻ വായിച്ചിടേണ്ടു......



**എം.കപിൽദേവ്.**

# അണഞ്ഞ തിരികൾ



ജസ്ന ഖാനൂൻ

നിന്നെ  ഞങ്ങൾ നശിപ്പിച്ചെന്നോ
ഏയ് ഇല്ല
നിന്റെ  സ്വപ്നങ്ങൾ ഞങ്ങൾ നശിപ്പിച്ചെന്നോ
ഏയ് ഇല്ലേയില്ല
നിന്റെ ജീവിതം ഞങ്ങൾ ഉടച്ചു  കളഞ്ഞെന്നോ
ഏയ് ഒരിക്കലുമില്ല
നിങ്ങൾ നിസ്സഹായരായിരുന്നു
എന്റെ  സ്വപ്നങ്ങളുടെ  വ്യാപ്തിയും വിസ്മൃതിയും
നിങ്ങൾക്ക് അറിയില്ലായിരുന്നല്ലോ

എന്റെ  ജീവിതത്തിന്റെ  നിറം  എന്താണെന്ന
നൊരിക്കലും നിങ്ങൾ അറിഞ്ഞിരുന്നില്ലല്ലോ

ഞാൻ എന്താണെന്ന് പോലും അറിഞ്ഞതേയില്ലല്ലോ
എനിക്കറിയാം
നിങ്ങള്ക്ക് സ്വയം ഹിതവും സ്വജനഹിതവും മാത്രമല്ലോ അറിവുള്ളതു
ഞാൻ ഇന്നലെ വന്നു കയറിയ മാംസപിണ്ഡമോ

എന്റെ മനോഹരമായ പുഞ്ചിരിയും വർണപ്പകിട്ടാർന്ന
ചിറകുകളും
നിങ്ങളിൽ അസ്വസ്ഥതയുണ്ടാക്കിയിട്ടുണ്ടാവും
ചുറ്റിലും പുകഞ്ഞു കൊണ്ടിരുന്ന അജ്ഞതയുടെ തീ

എന്റെ സുന്ദരമായ ചിറകുകളെ കരിയിച്ചു കളഞ്ഞു
സാരമില്ല
നിങ്ങൾ അറിഞ്ഞത് പോലുമില്ലല്ലോ
കരിഞ്ഞു തീർന്നത് എന്റെ ശക്തമായ ചിറകുകളായിരുന്നെന്നു ..
കാറ്റിനും കാറിനുമനുസരിച്ചു ഗതിയറിയാതെ തുഴയില്ലാതെ പായുന്ന ആറ്റു
വഞ്ചിയിൽ എന്നെ നിങ്ങൾ കാലത്തിനൊപ്പം കയറ്റി വിട്ടുവല്ലോ
നിങ്ങൾക്കൊരായിരം നന്ദി !
പിടഞ്ഞു തീരുന്ന എന്നെ കാണുമ്പോൾ
ഇന്ന് നിങ്ങളുടെ ഉള്ളിൽ വിരിയുന്നോരായിരം റോസാപ്പൂക്കൾ
എന്റെ ആത്മാവിലെ ശവക്കല്ലറയിലേക്കൊന്നു കടമെടുക്കട്ടെ  .





# എന്നെ നീ വായിക്കുമ്പോൾ



കെ. എൻ. സുരേഷ് കുമാർ

എന്നെ വായിക്കുമ്പോൾ
അക്ഷരത്തെറ്റുണ്ടെങ്കിൽ
സ്നേഹത്തിൻ മഷിപ്പച്ച
കൊണ്ടു നീ തിരുത്തേണം
നീ തിരുത്തുന്നൊരു
കവിതയായ് മറ്റുള്ളവർ
എന്നെ വായിക്കുന്നതാ-
ണെനിക്കിന്നേറെയിഷ്ടം

കണ്ണുകൾ പരസ്പരം
നോക്കി നാമിരിക്കുന്നു
കണ്ണാടി, പുറത്തെങ്ങോ
ചിതറിക്കിടക്കുന്നു
നിൻ മനോമുകുരത്തിൽ
തെളിയും പ്രതിബിംബം
ഞാനെന്നൊരാളായെന്റെ
ചിത്രത്തെ പകർത്തുന്നു

സ്വപ്നത്തിൻ സഹ്യാദ്രിയും
കടന്നെത്തുമരുവികൾ
ഒരുമിച്ചലിയുവാൻ
സാഗരം തിരയുന്നോർ
നാമൊരേ ആകാശത്തിൽ
കൂടുവെച്ചവർ
നിലാവുമ്മകൾ പകുത്തുകൊ-
ണ്ടേരേ തോണി തുഴഞ്ഞവർ

ഇനിയും വരുമെത്ര മഴക്കാലം
ഈറൻ കയ്യാൽ
കണ്ണുപൊത്തുവാൻ,
ചിരിച്ചെത്രയോ വസന്തങ്ങൾ

കാലത്തിൻ വിരലുകൊ-
ണ്ടെഴുതും മഹാകാവ്യ -
മൊന്നതിൽ പിരിയാ -
രണ്ടു വരികളായ്
പുണർന്നു നാം .

കവിത

# വിതുമ്പുന്ന മൗനം



പി. ശ്രീകുമാരി

ഓർക്കുന്നു ഞാൻ ഇന്നലെയെന്നപോൽ
നിൻ കൈത്തലം ചേർത്തു പിടിച്ചതും
പുതുമഴ പെയ്തിടും മണ്ണിൻ മണവുമായ്
പുതു മണവാട്ടിയായ് എന്നോടു ചേർന്നതും

വാചാലമിഴികളും കൊഞ്ചും മൊഴികളും
ഒരുവേള നമ്മിലും പൂത്തുലഞ്ഞു....
ഇഷ്ടങ്ങൾ ഓരോന്നും നഷ്ടമാക്കീടാതെ
സ്വച്ഛ വിഹായസ്സിൽ പാറി നമ്മൾ...
കാലപ്രവാഹത്തിൻ വേഗമറിയാതെ
നമ്മെ മറന്നു നാം  പാറി പറന്നു...

നീലവാനവും, മന്ദാനിലനും, പൂനിലാ
രാത്രിയും, സ്വച്ഛമാം പുലർവേളയും,
സാന്ധ്യ ശോഭയും,ഇഷ്ടമാം പ്രണയവും
അന്യമായതറിഞ്ഞില്ല നമ്മൾ....

മികവിന്റെ അളവുകോൽ ചൊല്ലി
കലഹിച്ചു, നേട്ടം അതാർക്കാണ്  ഏറ്റമെന്ന്?
നമ്മെ ബന്ധിച്ച കുഞ്ഞു താരത്തിൻ
കുഞ്ഞിളം പുഞ്ചിരി ഒരുമാത്രയെങ്കിലും
നുകർന്നിടാതെ കുഞ്ഞുചിത്തത്തിൻ
കുഞ്ഞിളം ചൊല്ലുകൾ തട്ടി തെറിപ്പിച്ചു
പിന്നെയും പിന്നെയും ഗർവ്വോടെ മുന്നോട്ട്...

എപ്പഴോ നിലതെറ്റി മുന്നോട്ടുപോകാതെ
തപ്പി തടഞ്ഞു നീ പാത കാണാതെ...
അന്ധമീ നാളെക്കുള്ള യാത്രയിൽ
ഇന്നിന്റെ സൗരഭം നിന്നിൽ മറഞ്ഞു...
നഷ്ടമാം ഓർമയിൽ നിശ്ചലയായ
നീ ഏതോ നിഗൂഢ മൗനത്തിലാണ്ടുപോയ്...

നിൻ ഗൂഢ മൗനങ്ങളൊക്കെയും
എൻ തേങ്ങലായ്  ഗാഡം പുണർന്നു നിന്നെ...
ഓർക്കുന്നു ഞാൻ നഷ്ട സ്വപ്നങ്ങളൊക്കെയും
ചിത്തം വിതുമ്പും പ്രതീക്ഷയാലേ...



# ഓർമ്മയും പ്രണയവും കടന്ന്



ടി.പി.രാധാകൃഷ്ണൻ

നീ തൊടുമ്പോൾ
പ്രണയം ഒരു പുസ്തകം
താളുകൾ മറിയുമ്പോൾ
എഴുതിയ ലിപികളിൽ
ഞാൻ ജനിക്കുന്നു.

നീ കിടക്കുമ്പോൾ
ഓർമ്മകൾ
ഒരു കടൽത്തീരം
നൊമ്പരമുയർത്തിയ
നിന്റെ കരൾമുദ്രതൻ
സമുദ്രശിലാതല്പത്തിൽ
എന്റെ മറുവാക്കിൻ തിര
അടിച്ചു ചിതറുന്നു.

നീ നടക്കുമ്പോഴൊക്കെ
എന്നെ കൂടെ കൂട്ടുന്നു
പുൽത്തകിടിയിൽ കാറ്റുകൊള്ളുന്നു
എന്റെ തലമുടിക്കുള്ളിൽ
കൈയിട്ട്
അലസമായ് തലോടുന്നു



എങ്കിലും
നീ തൊട്ടതില്ലയൊരു നാളും
കനൽ കോരി നീറിയ
എന്റെ പരുഷമാം വിരലുകൾ.

ഓർമ്മയ്ക്കു ബലിയിട്ടു
കിടന്നതേയില്ല ഒറ്റ രാത്രിക്കിടക്കയിലും

ഏകാന്തമാം നടത്തത്തിൽ
കാലുകൾ തെറ്റിയിട്ടില്ല
കൂടെ കൂട്ടിയതുമില്ല
നിരുപാധികമായ് ഉരിയാടാനൊരു
പ്രഭാതത്തിലും!

വീര്യം മുറിഞ്ഞുപോയ
പ്രണയ പ്രസ്താവന തൻ
പ്രാർത്ഥനയ്ക്കുള്ളിൽ കാമാഗ്നി
പ്രപഞ്ച സത്യം മുറിവേറ്റു
പ്രാണന്റെ കോശം തളർന്നു.

അന്ത്യ അക്ഷരമായ്
ആത്മാവിന്റെ അടഞ്ഞ
അഭിലാഷജാലകം
ഒരു കുറികൂടി തുറന്നു വയ്ക്കുക
ആദിത്യശോഭതൻ
ഊർജ്ജത്തിലൊന്നു
വിസ്മയിക്കൂ.

തൊടിയിലെ പൂക്കളിൽ
മധു നുകർന്ന്
ചെടിയുടെ ശിഖരത്തിൽ
മയങ്ങുമാ കരിവണ്ടിന്റെ
സ്വപ്നത്തിലൊരു നാൾ
ഞാൻ വന്നു നിറയും.

പൂവിന്റെ ഗന്ധമോഹത്തിന്റെ
അടിത്തട്ടിലൊരു വേള
ഉപാധികളില്ലാതെ നീയും !

കാത്തിരിപ്പാകുന്നു കാലം
വെറുപ്പിനെ കഴുകി
അത് പ്രപഞ്ച പ്രണയം
കാത്തു പോരുന്നു
കണ്ണുകളിൽ അതിന്റെ തെളിച്ചം
ഒളിപ്പിക്കുവാനാകാതെ നിറയും വസന്തം.



# പഴകിയ ഖദർ ഷർട്ട്



നിബിൻ കള്ളിക്കാട്

പുതിയ യാത്രകൾക്കിടയിൽ
ഓർമ്മകളുടെ അലമാര തുറക്കവേ
പഴകിയൊരു ഖദർ ഷർട്ട്
ഭൂതകാലത്തിലേക്ക്
കൈപിടിച്ചു വലിയ്ക്കുന്നു ,

ഇഴുകിവെളുത്ത നിറത്തിലും
ദാരിദ്ര്യം പുറത്തറിയിക്കാതെ നടന്നുപോയ
വലിയ തുന്നിക്കെട്ടലുകളുണ്ട് ,
വിയർപ്പും ചെളിയും ചോരയും
എച്ചിലുകളും അലക്കിയുണക്കിയ,
അക്കങ്ങൾ കണക്കെഴുതിയ
ഡ്രൈ ക്ലീനിങ് കഷ്ടപ്പാടുകൾ

ഷർട്ടെടുത്തു ഒന്ന് നോക്കി,
ആക്സിഡന്റിൽ റോഡിൽ
വീണ പേരറിയാത്തവന്റെ
നീറുന്ന നിലവിളികളതിലുണ്ട് ,
ആശുപത്രി കാവലിൽ
സിമെന്റ് തറയിലെ ഉറക്കത്തിൽ
ഫിനോയിലിന്റെ രൂക്ഷഗന്ധവുമുണ്ട്

ആത്മഹത്യ ചെയ്തവർക്കായി
മോർച്ചറിയിലെ ശവപരിശോധനയിൽ
കൂട്ട് നിന്നെടുത്ത ഫോട്ടോയ്ക്കൊപ്പം
ഷർട്ടിൽ വീണ കണ്ണീർക്കറയും ,

ഒരിക്കലും അധികാരമെന്നെഴുതാത്ത
പഴയ പ്രത്യയശാസ്ത്രത്തിനായി
ഒരു നാടിന്റെ മൊത്തം തെറിവിളികളും
ചുമന്നു നാറിയ ദുഷിച്ച ദുർഗന്ധവും ,

നാളെകളുടെ രക്ഷപ്പെടലുകൾ
തേടിയ പ്രതീക്ഷകൾ പോലും
വിങ്ങിക്കരയുന്ന ചാവുമണം,
സമരപോലീസുകാർ തല്ലിപ്പൊളിച്ച
മുതുകിന്റെയും ചന്തിയുടെയും
ഭാഗത്ത് ചൂരലിന്റെ വീഴ്ചയിൽ
ചതഞ്ഞൊട്ടി പോയ നൂലിഴകൾ,

വിയർത്തൊലിച്ചു വരുന്ന
അച്ഛനമ്മയുടെ വളർത്തു
പ്രതീക്ഷകളുടെ ശവദാഹഗന്ധം ,
വിശപ്പിന്റെ വേവുന്ന വിളിയിലും
കുപ്പായം തേച്ചുടുത്തിറങ്ങവേ
ചിരട്ടക്കനലുകൾ മനസ്സിലെറിഞ്ഞ
ദുരിതത്തിന്റെ പുകയോർമ്മകൾ,

ഭാവിയുടെ ശുഭവാക്കുകൾ
പ്രതീക്ഷയുടെ പ്ലക്കാർഡുകളായി
കൈപിടിച്ച ആശ്വാസവാക്കുകളുടെ
പൊള്ളുന്ന കുത്തിനോവിക്കലുകൾ,



വരുമാനത്തിന്റെ വേരുകളില്ലാത്ത
നിലനിൽപ്പുകളിൽ ചില നൂലുകൾ
പൊട്ടി പുറത്തേക്കെത്തി നോക്കുന്നു,
പലിശക്കാരുടെ മുനയുള്ള
നോട്ടങ്ങളിൽ ശത്രുതകളും,

കീശയിൽ സമൂഹ മാന്യതയ്ക്കുള്ള
ജീവിതബലിയിൽ നശിച്ചിട്ടും തീരാതെ
തുടിയ്ക്കുന്ന ക്ഷുഭിത യൗവ്വനത്തിന്
സ്ഥാനത്തിന്റെ തിരിച്ചറിയൽ ഭൂപടം ,

പോക്കറ്റിലെ കടലാസ്സ് കൂട്ടത്തിൽ
മുഴുകുടിയന്മാരെ ജാമ്യത്തിലെടുത്ത
ഐ ഡി കാർഡിന്റെ പകർപ്പുപ്രേതം,
വീട്ടിലേക്കുള്ള യാത്രയിൽ
അബോധത്തിലവർ നൽകിയ
ഛർദിലുകൾ കഴുകിയ മദ്യഗന്ധം,

അടിമകളുടെ അവകാശം പോലെ
തീർക്കാതെ ബാക്കിനിൽക്കുന്ന
കടങ്ങളും ഒടുങ്ങാത്ത ചതികളുടെയും
പേരു വിവരങ്ങൾ ഒഴിഞ്ഞ കീശയിൽ
രേഖപ്പെടുത്തിയ കറുത്ത ഡയറി,

ഓരോ നിമിഷവും അസ്തമിക്കുന്ന
പ്രാണന്റെ മുദ്രാവാക്യങ്ങൾ,
ശബ്ദമില്ലാതെ തകിടം മറിഞ്ഞ -
പരിഹസിക്കുന്ന കുടുംബവ്യവസ്ഥകൾ ,
കരുതലാകേണ്ട മികച്ച കാലം
നഷ്ടപ്പെട്ടു എന്നെഴുതിയ
കാലത്തിന്റെ വലിയ മുറിവ്,

തിരിച്ചുകൊടുക്കേണ്ടവരുടെ
പേരുകളുള്ള ആ ഡയറിമാത്രം
ഭദ്രമായി അതിൽ നിന്നെടുക്കുന്നു,
നാളെകളെ കാത്തിരുന്നുകൊണ്ടും
തിരിച്ചു കൊടുക്കണമെന്നുറപ്പോടെ ,

പണ്ടേ കീറിപ്പോയ ഖദർ ഷർട്ട്
തിരികെയിനി ഓർമ്മയലമാരയിൽ
വയ്ക്കുന്നില്ല, കാരണമിന്നത്തെ
ലോകത്തിനതാർക്കും പാകമാകില്ല ,
ഒരിക്കലും തിരിച്ചറിയാത്ത വിധം
വേസ്റ്റ് ബോക്സിൽ സുരക്ഷിതമാക്കുന്നു

സ്വന്തം ദൂരം മാത്രം ലക്ഷ്യമാക്കുന്ന
നേട്ടങ്ങളിലേക്കുള്ള കാൽപാടുകൾ
തിരഞ്ഞവരുടെയീ ലോകത്തിനൊപ്പം
ഞാനും കാലവും ഓർമ്മകളും
ഒന്നിച്ചൊരു യാത്രയ്ക്കൊരുങ്ങുന്നു ,
എഴുതി വച്ച ഗാന്ധിസത്തെക്കാൾ
ജീവിതത്തിന്റെ അടിത്തറയാകുന്ന
ഗാന്ധിയെ സ്നേഹിക്കുന്നവനായി .

സമരവും വിപ്ലവവും സ്വന്തം
ജീവിതത്തോളമധികാരത്തിൽ
മറ്റൊന്നുമില്ലെന്ന തിരിച്ചറിവിലൂടെ...
ഭൂതകാലത്തിന്റെ തുന്നിക്കെട്ടലിൽ
പുറത്തു വരാത്ത ദുർഗന്ധങ്ങളുൾപ്പടെ
അലമാര ശൂന്യമാക്കുന്നു , പിന്നെ -
എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുന്നു ,
പശ്ചാത്തപിക്കുന്ന ഓർമ്മയിൽ
കടത്തിന്റെ രസീതുബുക്കുകളുമായി
ഭൂതകാലം കുമ്പസ്സരിക്കുന്നുണ്ട്,
ഞാൻ പ്രതീക്ഷകളുടെ വണ്ടിയേറുന്നു ..!